# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# ഏറാമല ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

## 2022-2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോഴിക്കോട്-673020

ഇ-മെയിൽ: dokkd.ksad@kerala.gov.in

ഫോൺ : 0495-2371012

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSA.KKD.M2/1277/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോഴിക്കോട്-673020
തീയ്യതി: 09/10/2023
ഇ-മെയിൽ: dokkd.ksad@kerala.gov.in
ഫോൺ: 0495-2371012

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ഏറാമല ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : ഏറാമല ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ഏറാമല ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോഴിക്കോട്.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSA.KKD.M2/1277/2023 തീയ്യതി: 09/10/2023

## കോഴിക്കോട് ജില്ലയിലെ ഏറാമല ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോഴിക്കോട് ജില്ലയിലെ ഏറാമല ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2022 മുതൽ 31-03-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 21 അന്വേഷണക്കുറിപ്പുകൾ നൽകിയെങ്കിലും മറുപടി ലഭ്യമായിട്ടില്ല.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.ജോഷോ ബെന്നറ്റ് ജോൺ, കെ.എ.എസ് | ഡെപ്യൂട്ടി ഡയറക്ടർ | 27-07-2023 | 03-08-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 27-07-2023 | 30-08-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ.ഗിരീശൻ പാറപ്പൊയിൽ, ഓഡിറ്റ് ഓഫീസർ ഹയർ ഗ്രേഡ്

ശ്രീമതി.പ്രസീതകുമാരി, ഓഡിറ്റ് ഓഫീസർ

ശ്രീമതി.ധന്യ.കെ, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ.ജാസിർ.സി.എം, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി.വിനീത.ടി,ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ.സജീവൻ.ഇ.ജി | സെക്രട്ടറി | 01-04-2022 | 31-03-2023 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി.സരിത.എൽ | അസി.സെക്രട്ടറി | 01-04-2022 | 19-02-2023 |
| ശ്രീ.വിനോദൻ.എം.ടി | ഹെഡ് ക്ലാർക്ക് | 20-02-2023 | 05-03-2023 |
| ശ്രീമതി.സരിത.എൽ | അസി.സെക്രട്ടറി | 06-03-2023 | 31-03-2023 |
| ശ്രീമതി.ദിവ്യ.ജി.വി. | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2022 | 18-11-2022 |
| ശ്രീമതി.സിമി ഭാസ്കർ | അസിസ്റ്റന്റ് എഞ്ചിനീയർ | 19-11-2022 | 03-01-2023 |
| ശ്രീമതി.ജിനിതകുമാരി | അസി.എഞ്ചിനീയർ ഇൻ ചാർജ്ജ് | 04-01-2023 | 31-03-2023 |
| ശ്രീമതി.ശാരി.എം | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 01-04-2022 | 20-01-2023 |
| ശ്രീമതി.നൂർജഹാൻ | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 21-01-2023 | 31-03-2023 |
| ശ്രീമതി.അഞ്ജന രാജേന്ദ്രൻ | കൃഷി ഓഫീസർ | 01-04-2022 | 31-03-2023 |
| ഡോ.ഷൈനി.എം.നമ്പീശൻ | മെഡിക്കൽ ഓഫീസർ,വെറ്റിനറി | 01-04-2022 | 31-03-2023 |
| ഡോ.സജിന | മെഡിക്കൽ ഓഫീസർ,ഹോമിയോ | 01-04-2022 | 31-03-2023 |
| ഡോ.ഉസ്മാൻ.പി.കെ | മെഡിക്കൽ ഓഫീസർ,സി.എച്ച്.സി | 01-04-2022 | 31-07-2022 |
| ശ്രീമതി.ഉഷ നടവിലക്കണ്ടിയിൽ | മെഡിക്കൽ ഓഫീസർ ഇൻ ചാർജ്ജ് | 01-08-2022 | 31-03-2023 |
| ശ്രീ.അനീഷ്. | വി.ഇ.ഒ. | 01-04-2022 | 23-08-2022 |
| ശ്രീമതി.രേഷ്മ | വി.ഇ.ഒ | 24-08-2022 | 31-03-2023 |
| ശ്രീ.ജോസഫൈൻ എഡിസൺ | വി.ഇ.ഒ. ഇൻ ചാർജ്ജ് | 01-04-2022 | 29-08-2022 |

| | | | |
|---|---|---|---|
| ശ്രീ.മിഥിലേഷ്. | വി.ഇ.ഒ | 21-11-2022 | 08-01-2023 |
| ശ്രീ.ജോസഫൈൻ എഡിസൺ | വി.ഇ.ഒ.ഇൻ ചാർജ്ജ് | 09-01-2023 | 31-03-2023 |
| ഡോ.സുശാന്ത് | മെഡിക്കൽ ഓഫീസർ,ആയുർവേദം | 01-04-2022 | 31-03-2023 |
| ശ്രീ.ശ്രീജിത്ത് | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-04-2022 | 31-03-2023 |
| ശ്രീമതി.ദിൽന.ഡി.കെ | സബ്ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | 01-04-2022 | 31-03-2023 |

ഉള്ളടക്കം



| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് . | 1-1 |
| 2 | വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല. | 1-1-1 |
| 3 | പെർമിറ്റ് രജിസ്റ്ററിൽ വാർഷിക സംക്ഷിപ്തം ഇല്ല | 1-1-2 |
| 4 | പഞ്ചായത്ത് നൽകിയിട്ടുള്ളതും 3 മാസത്തിലധികമായി എൻക്യാഷ് ചെയ്യാത്തതുമായ ചെക്കുകൾ Liability In Respect Of Stale Cheque എന്ന ശീർഷകത്തിലേക്ക് മാറ്റിയിട്ടില്ല . | 1-1-3 |
| 5 | കാനറാ ബാങ്കിലുള്ള " HG FOR BUILDING LESS SUBCENTRES PHCS AND CHCS ORKATTERI "എന്ന ആവശ്യത്തിനായുള്ള അക്കൗണ്ട് വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല | 1-1-4 |
| 6 | തൻവർഷം പാർട്ട്ബിൽ ആയി നൽകിയ തുക (3080580) ക്യാപ്പിറ്റൽ വർക്ക് ഇൻ പ്രോഗ്രസ്സ് എന്ന ശീർഷകത്തിലേക്ക് മാറ്റിയിട്ടില്ല . | 1-1-5 |
| 7 | Profession Tax Institutions ഡിമാന്റ് രജിസ്റ്ററും വാർഷിക കണക്കും തമ്മിൽ പൊരുത്തപ്പെടുന്നില്ല . | 1-1-6 |
| 8 | Profession Tax Traders ഡിമാന്റ് രജിസ്റ്ററും വാർഷിക കണക്കും തമ്മിൽ പൊരുത്തപ്പെടുന്നില്ല . | 1-1-7 |
| 9 | കെട്ടിട വാടക തൻവർഷം പിരിച്ചെടുക്കാനുള്ള വാടക വാർഷിക കണക്കിലും വാടക രജിസ്റ്ററിലും വ്യത്യാസം | 1-1-8 |
| 10 | എ,സി.ആറിലെ ചെലവും വാർഷിക കണക്കിലെ ചെലവും തമ്മിൽ വ്യത്യാസം | 1-1-9 |
| 11 | തിരിച്ചടക്കാനുള്ള വായ്പ തുക ലോൺ രജിസ്റ്ററിലും വാർഷിക കണക്കിലും വ്യത്യാസപ്പെട്ടിരിക്കുന്നു. | 1-1-10 |
| 12 | ബജറ്റ് തയ്യാറാക്കിയതിലും പരിപാലനത്തിലും അപാകതകൾ | 1-2 |
| 13 | സാമ്പത്തിക വിശകലനം (റസീറ്റ് & പെയ്മെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ളത്) | 1-3 |
| 14 | ഫണ്ട് വിനിയോഗം (എ.സി.ആർ പ്രകാരം) | 1-4 |
| 15 | പദ്ധതി അവലോകനം | 1-5 |
| 16 | ക്യാഷ് പരിശോധന | 1-6 |
| 17 | രശീതി പരിശോധനയിൽ കണ്ട അപാകതകൾ | 1-7 |
| 18 | ടാക്സ് ഓഡിറ്റ് | 1-8 |
| 19 | വസ്തു നികുതി പിരിച്ചെടുക്കുന്നതിലെ അപാകതകൾ | 1-9 |
| 20 | ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് | 1-10 |

| | | |
|---|---|---|
| | സേവനങ്ങൾക്കും ലൈസൻസ് നൽകൽ അപാകത | |
| 21 | കമ്മ്യൂണിറ്റി ഹാൾ കം കല്യാണമണ്ഡപം - ബൈലോ അംഗീകരിക്കാത്തതും മറ്റ് അപാകതകളും | 1-11 |
| 22 | കൃഷി ഓഫീസർ നിർവ്വഹണം നടത്തിയ പദ്ധതികളിലെ അപാകതകൾ | 1-12 |
| 23 | കുടിവെള്ള വിതരണം പദ്ധതി വിതരണം ചെയ്യു വെള്ളത്തിന്റെ ഗുണനിലവാരം ഉറപ്പാക്കിയില്ല | 1-13 |
| 24 | മാലിന്യ പരിപാലനം- ക്ലീൻ കേരള കമ്പനിയ്ക്ക് തുക കൈമാറൽ-പദ്ധതി നടത്തിപ്പിലെ അപാകതകൾ | 1-14 |
| 25 | ഭിന്നശേഷി സ്കോളർഷിപ്പ് -മുഴുവൻ ഗുണഭോക്താക്കൾക്കും തുക ലഭിച്ചില്ല | 1-15 |
| 26 | ജീവനക്കാരുടെ പ്രോവിഡണ്ട് ഫണ്ട് വിഹിതം - ചട്ടം പ്രകാരം ട്രഷറിയിൽ അടവ് വരുത്തുന്നില്ല. | 1-16 |
| 27 | ഹോമിയോ ഡിസ്പൻസറി - മരുന്നുകൾ ലഭ്യമായില്ല | 1-17 |
| 28 | തെരുവ് വിളക്ക് സ്ഥാപിക്കൽ - പ്രോജക്ട് നിർവ്വഹണം അപാകതകൾ | 1-18 |
| 29 | ആവശ്യമായ ലീവ് ക്രഡിറ്റിലില്ലാതെ ആർജ്ജിതാവധി അനുവദിച്ചു | 1-19 |
| 30 | ലീവ് അക്കൗണ്ടിലെ അപാകതകൾ | 1-20 |
| 31 | മരാമത്ത് പ്രവൃത്തികളുടെ കരാർ വ്യവസ്ഥകൾ കാലഹരണപ്പെട്ടത്-മുൻ റിപ്പോർട്ടിൽ പരാമർശിച്ചിട്ടും പരിഹരിച്ചില്ല | 1-21 |
| 32 | ടെയ്ക്ക് എ ബ്രേക്ക് -അവലോകനം | 1-22 |
| | ഭാഗം **2** | |
| | --- No Records Found --- | |
| | ഭാഗം **3** | |
| 1 | ആവശ്യമായ ലീവ് ക്രഡിറ്റിലില്ലാതെ ആർജ്ജിതാവധി അനുവദിച്ചു | 3-1 |
| | ഭാഗം **4** | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 2 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ് | 4-5 |
| 6 | സ്ഥിരനിക്ഷേപം | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-8. |
| 9 | ചാർജ്ജ് സർചാർജ്ജ് നടപടികളുടെ വിവരം | 4-9 |

| | | |
|---|---|---|
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

## ഭാഗം -1

## പൊതു അവലോകനം

### 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ് .

I. കേരള പഞ്ചായത്ത് രാജ് ആക്ട് 1994 ലെ സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1&11.3, സംസ്ഥാന ഗവൺമെന്റ്/ കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് 24.06.23 ലെ 222ാം നമ്പർ തീരുമാനം പ്രകാരം തയ്യാറാക്കി വാർഷിക കണക്കിനെ പിന്തുണയ്ക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള ഏറാമല ഗ്രാമപഞ്ചായത്തിന്റെ മാർച്ച് 31 ന് അവസാനിച്ച 2023 വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31.03.2023 തീയതി വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

Ii. C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C&AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

Iii. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

ഏറാമല ഗ്രാമ പഞ്ചായത്തിന്റെ 2022-23 വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, ഏറാമല ഗ്രാമപഞ്ചായത്തിന്റെ 2022-23 വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

### 1-1-1 വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല.

വാർഷിക കണക്കിനോടൊപ്പം അടിസ്ഥാന അനുപാതങ്ങൾ (റേഷ്യോസ്), പ്രധാനപ്പെട്ട അക്കൗണ്ടിങ്ങ് നയങ്ങളെക്കുറിച്ചുള്ള കുറിപ്പുകൾ എന്നിവ ലഭ്യമാക്കിയിട്ടില്ല. (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011, ചട്ടം 62 (എഫ്)

### 1-1-2 പെർമിറ്റ് രജിസ്റ്ററിൽ വാർഷിക സംക്ഷിപ്തം ഇല്ല

2022-23 വാർഷിക ധനകാര്യ പത്രിക റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് (RP-4) ഷെഡ്യൂൾ പ്രകാരം Permit Fee For Construction Of Buildings ഇനത്തിൽ 7,06,938/- രൂപയും Building Regulariisation Fee

ഇനത്തിൽ 2,11,187/- രൂപയും വരവുണ്ട്. എന്നാൽ പെർമിറ്റ് രജിസ്റ്ററിൽ വാർഷിക സംക്ഷിപ്തം എഴുതി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

1-1-3 പഞ്ചായത്ത് നൽകിയിട്ടുള്ളതും 3 മാസത്തിലധികമായി എൻക്യാഷ് ചെയ്യാത്തതുമായ ചെക്കുകൾ Liability In Respect Of Stale Cheque എന്ന ശീർഷകത്തിലേക്ക് മാറ്റിയിട്ടില്ല .

1. തനതു ഫണ്ടിന് ഏറാമല സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്കിലുള്ള അക്കൗണ്ടിൽ നിന്നും പഞ്ചായത്ത് നൽകിയിട്ടുള്ളതും 3 മാസത്തിലധികമായി എൻക്യാഷ് ചെയ്യാത്തതുമായ ചെക്ക് ഉണ്ട്. ആയത് Liability In Respect Of Stale Cheque എന്ന ശീർഷകത്തിലേക്ക് മാറ്റിയിട്ടില്ല . വിശദാംശം ചുവടെ

| ചെക്ക് നമ്പർ, തിയ്യതി | വൗച്ചർ നമ്പർ | തുക |
|---|---|---|
| 316382, 05.09.22 | 22200486 | 1210 |

1-1-4 കാനറാ ബാങ്കിലുള്ള “ HG FOR BUILDING LESS SUBCENTRES PHCS AND CHCS ORKATTERI "എന്ന ആവശ്യത്തിനായുള്ള അക്കൗണ്ട് വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല

കാനറാ ബാങ്കിലുള്ള “HG FOR BUILDING LESS SUBCENTRES PHCS AND CHCS ORKATTERI" ആവശ്യത്തിനായി 2022 സെപ്റ്റംബറിൽ ആരംഭിച്ച 110042151687 നമ്പർ അക്കൗണ്ട് -ബാലൻസ്ഷീറ്റ് B17 ഷെഡ്യൂളിലും RP -40 (B) ഷെഡ്യൂളിലും ഉൾപ്പെട്ടിട്ടില്ല .

1-1-5 തൻവർഷം പാർട്ട്ബിൽ ആയി നൽകിയ തുക (3080580) ക്യാപ്പിറ്റൽ വർക്ക് ഇൻ പ്രോഗ്രസ്സ് എന്ന ശീർഷകത്തിലേക്ക് മാറ്റിയിട്ടില്ല .

തൻവർഷം പാർട്ട്ബിൽ ആയി നൽകിയ തുക 2,46,602/- രൂപ ക്യാപ്പിറ്റൽ വർക്ക് ഇൻ പ്രോഗ്രസ്സ് എന്ന ശീർഷകത്തിലേക്ക് മാറ്റിയിട്ടില്ല. മരാമത്ത് പ്രവർത്തികൾക്കായി തൻവർഷം നൽകിയ പാർട്ട് ബില്ലിന്റെ വിശദാംശം ചുവടെ ചേർക്കുന്നു .

| പ്രൊജക്ടിന്റെ പേര് /നമ്പർ | ചെലവ് തുക |
|---|---|
| വള്ളിക്കാട്ട് മുക്ക് വെമ്മങ്ങാട്ട് മുക്ക് റോഡ് / 104 | 246602 |

1-1-6 Profession Tax Institutions ഡിമാന്റ് രജിസ്റ്ററും വാർഷിക കണക്കും തമ്മിൽ പൊരുത്തപ്പെടുന്നില്ല .

രജിസ്റ്റർ പ്രകാരം Profession Tax Institutions ന് തൻവർഷ ഡിമാന്റും കളക്ഷനും 63400/- രൂപയാണ് എന്നാൽ RP -45 ഷെഡ്യൂൾ പ്രകാരം തൻവർഷ വരവ് 132780/- രൂപയാണ് .

1-1-7 Profession Tax Traders ഡിമാന്റ് രജിസ്റ്ററും വാർഷിക കണക്കും തമ്മിൽ പൊരുത്തപ്പെടുന്നില്ല .

രജിസ്റ്റർ പ്രകാരം Profession Tax Traders ന് തൻവർഷ ഡിമാന്റും കളക്ഷനും 5,74,630/- രൂപയാണ് എന്നാൽ RP – 45 ഷെഡ്യൂൾ പ്രകാരം തൻവർഷ വരവ് 5,05,250/- രൂപയാണ് .

1-1-8 കെട്ടിട വാടക തൻവർഷം പിരിച്ചെടുക്കാനുള്ള വാടക വാർഷിക കണക്കിലും വാടക രജിസ്റ്ററിലും വ്യത്യാസം

2022-23 വാർഷിക ധനകാര്യ പത്രിക ഇൻകം ആന്റ് എക്സ്പൻഡീച്ചർ സ്റ്റേറ്റ്മെന്റ് പത്രിക, I-3 ഷെഡ്യൂൾ പ്രകാരം Rent From Buildings എന്ന ശീർഷകത്തിൽ 6,37,453/- രൂപയാണ് ഡിമാന്റ്. റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് RP-45 പ്രകാരം Rent Recievables From Buildings (Current) 6,13,367/- രൂപയാണ്. എന്നാൽ 2022-23 വർഷത്തെ ബാലൻസ് ഷീറ്റ് B-15 ഷെഡ്യൂൾ പ്രകാരം ഈ ഇനത്തിൽ കുടിശ്ശികയായി ഉൾപ്പെടുത്തിയത് 13,788/-രൂപയാണ്. യഥാർത്ഥത്തിൽ 24,086/- രൂപയാണ്

പിരിച്ചെടുക്കാൻ ബാക്കിയുള്ളത് .

വാടക കുടിശ്ശിക കണക്കിലെ അപാകത വ്യക്തമാക്കേണ്ടതാണ്.

1-1-9 എ,സി.ആറിലെ ചെലവും വാർഷിക കണക്കിലെ ചെലവും തമ്മിൽ വ്യത്യാസം

വികസന ഫണ്ടിന്റെ (ജനറൽ) ചെലവ് 2,66,51,890/- രൂപ (ACR പ്രകാരം 24,138,174/- രൂപ + ശ്രോതസ്സിൽ നിന്നും കുറവ് ചെയ്ത 2,513,716/- രൂപ) ആയത് വാർഷിക കണക്കിൽ B3, I6 ഷെഡ്യൂളുകളിലാണ് ഉൾപ്പെടുക. ഇത പ്രകാരം B3 ഷെഡ്യൂളിൽ - Development Fund (General-Capital 3004848 രൂപയും I-6 ഷെഡ്യൂളിൽ Development Fund (General 2,33,51,745/- രൂപയുമാണ് ചെലവ്. എ.സി.ആറിലെ ചെലവും വാർഷിക കണക്കിലെ ചെലവും തമ്മിൽ 2,95,297/- രൂപയുടെ വ്യത്യാസം ഉണ്ട് .

1-1-10 തിരിച്ചടക്കാനുള്ള വായ്പ തുക ലോൺ രജിസ്റ്ററിലും വാർഷിക കണക്കിലും വ്യത്യാസപ്പെട്ടിരിക്കുന്നു.

സ്ഥാപനത്തിലെ ലോൺ രജിസ്റ്റർ പ്രകാരം മത്സ്യ മാർക്കറ്റ് കം ഷോപ്പിംഗ് കോംപ്ലക്സ് ലോണിൽ 21,58,516/- രൂപയും ലൈഫ് ഭവന പദ്ധതി ലോണിൽ 86,66,727/- രൂപയും ചേർത്ത് ആകെ 1,08,25,243/- രൂപയാണ് വർഷാവസാനം തിരിച്ചടയ്ക്കാനുള്ളത്. എന്നാൽ വാർഷിക കണക്ക് B-5 പ്രകാരം രണ്ട് ലോണുകളിലുമായി 1,08,25,967/- രൂപയാണ് തിരിച്ചടയ്ക്കാനുള്ളത്.

1-2 ബജറ്റ് തയ്യാറാക്കിയതിലും പരിപാലനത്തിലും അപാകതകൾ

സ്ഥാപനത്തിന്റെ ബജറ്റ് 9.3.22ലെ തീരുമാനം നമ്പർ 82 പ്രകാരം താഴെ പറയും വിധം അംഗീകരിച്ചിട്ടുണ്ട്.

| | |
|---|---|
| മുന്നിരിപ്പ് | 58,66,175 |
| വരവ് | 22,61,20,561 |
| ആകെ | 23,19,86,736 |
| ചെലവ് | 22,80,35,000 |
| നീക്കിയിരിപ്പ് | 39,51,736 |

ബജറ്റ് തയ്യാറാക്കിയതിലും പരിപാലിച്ചതിലും താഴെ പറയും പ്രകാരം അപാകതകൾ സംഭവിച്ചിട്ടുണ്ടെന്ന് ബജറ്റ് രേഖകളും വരവ് ചെലവ് വിശദാംശങ്ങളും സാക്ഷ്യപ്പെടുത്തുന്നു.

എ)തനത് ഫണ്ട് പ്രൊവിഷൻ വാർഷിക പദ്ധതിയുമായി പൊരുത്തപ്പെടുന്നില്ല

ബജറ്റിൽ വാർഷിക പദ്ധതിക്കായി തനത് ഫണ്ടിൽ നിന്നും 1.46 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. മുന്നിരിപ്പ് ഉൾപ്പടെയുള്ള പ്രതീക്ഷിത തനത് വരുമാനത്തിൽ നിന്നും നീക്കിയിരിപ്പും അനിവാര്യവമ്യ ചെലവുകൾക്കുള്ള പ്രൊവിഷനും കഴിച്ചാൽ കിട്ടുന്ന തുകയാണിത്.എന്നാൽ സ്ഥാപനത്തിന്റെ അന്തിമപദ്ധതി രേഖ പരിശോധിച്ചതിൽ നിന്നും 1.64 കോടി രൂപ വാർഷിക പദ്ധതിക്ക് തനത് ഫണ്ടിൽ നിന്നും വകയിരുത്തിയിട്ടുണ്ടെന്ന് വ്യക്തമാകുന്നു. അതായത് തനത് ഫണ്ടിൽ വാർഷിക പദ്ധതിക്ക് 18 ലക്ഷം രൂപ വകയിരുത്തിയത് ബജറ്റ് പ്രൊവിഷനില്ലാതെയാണെന്ന് കാണുന്നു. വർഷാവസാനം ബജറ്റ് പുതുക്കിയപ്പോൾ ബജറ്റ് പ്രൊവിഷൻ 2.93 കോടിയായി ഉയർന്നു. എന്നാൽ 1.59 കോടി രൂപ മാത്രമാണ്

വാർഷിക ചെലവുപത്രിക പ്രകാരം തനത് ഫണ്ടിൽ നിന്നും വകയിരുത്തിയിട്ടുള്ളൂ. ബജറ്റ് പുതുക്കിയപ്പോൾ 1.34 കോടി രൂപ (2.93-1.59) വകയിരുത്തിയത്, ഇത് ചെലവഴിക്കാൻ വ്യക്തമായ പദ്ധതികൾ ഇല്ലാതെയാണെന്ന് കാണാം.

ബി) വാർഷിക പദ്ധതി അടങ്കലും ബജറ്റ് പ്രൊവിഷനും പൊരുത്തപ്പെടുന്നില്ല

വാർഷിക പദ്ധതിക്കായി ബജറ്റിൽ, BS9, BS 12 ഷെഡ്യൂളുകൾ പ്രകാരം ആകെ 15.4 കോടി രൂപയാണ് വകയിരുത്തിയത്. വാർഷിക പദ്ധതിയും NREGS പദ്ധതിയും കൂടിയുള്ള തുകയാണിത്. എന്നാൽ ഗ്രാമപഞ്ചായത്ത് അംഗീകരിച്ച വാർഷിക പദ്ധതി അടങ്കൽ 14.57 കോടി രൂപയുടേതും NREGS പദ്ധതി ആക്ഷൻ പ്ലാൻ 4.3 കോടി രൂപയുടേതുമാണ്. അതായത് ഈ രണ്ട് പദ്ധതികൾക്കുമായി ആകെ 18.87 കോടി രൂപയുടെഅടങ്കലിനാണ് ഭരണസമിതി അംഗീകാരം നല്കിയതെന്ന് കാണാം. 3.47 കോടി (18.87-15.4) രൂപയുടെ പദ്ധതികൾ ബജറ്റ് പ്രൊവിഷനില്ലാതെയാണ് വിഭാവനം ചെയ്തതെന്ന് ഇത് വ്യക്തമാകുന്നു. ഇത് വിശദീകരിക്കപ്പെടേണ്ടതുണ്ട്.

സി) NREGS- അടങ്കലും ബജറ്റ് പ്രൊവിഷനും തമ്മിൽ പൊരുത്തമില്ല

മേല്പറഞ്ഞപോലെ 4.3 കോടി രൂപയുടെ ആക്ഷൻ പ്ലാനിനാണ് ബജറ്റ് തയ്യാറാക്കുന്നതിനും വളരെ മുമ്പേ തന്നെ ഭരണസമിതി ദേശീയ തൊഴിലുറപ്പ് പദ്ധതിക്കായി അംഗീകാരം നല്കിയത്. എന്നാൽ ബജറ്റിൽ 4.15 കോടിയുടെ വരുമാനവും അത്രതന്നെ തുകയുള്ള ചെലവുമാണ് സ്ഥാപനം പ്രതീക്ഷിച്ചത്. കൂടാതെ ആക്ഷൻ പ്ലാൻ പ്രകാരം 43 ലക്ഷം രൂപയുടെ മൂലധന ചെലവാണ് പ്രതീക്ഷിച്ചതെങ്കിൽ ബജറ്റിൽ ഇത് 1.6 കോടിയായി ഉൾപ്പെടുത്തിയിട്ടുണ്ട്. ഭരണസമിതി അംഗീകരിച്ച വ്യക്തമായ രേഖ ഉണ്ടായിരിക്കെ ഇപ്രകാരം വ്യതിയാനം വന്നത് ശരിയല്ല.

ഡി)വരവ് ചെലവ് വ്യതിയാനങ്ങൾക്കനുസൃതമായി ബജറ്റ് പുതുക്കുന്നില്ല

വരുമാനത്തിലും ചെലവിലും ബജറ്റ് എസ്റ്റിമേറ്റിന് അതീതമായി കാലാകാലങ്ങളിൽ ഉണ്ടാകുന്ന വ്യതിയാനങ്ങൾ ഉൾക്കൊണ്ട് കൊണ്ട് ബജറ്റ് പുതുക്കാനോ, സപ്ലിമെന്ററി ബജറ്റ് തയ്യാറാക്കാനോ സ്ഥാപനത്തിന് കഴിഞ്ഞിട്ടില്ല. ഇതുമൂലം ബജറ്റ് അംഗീകാരമില്ലാതെ, പ്രൊജക്ടുകൾക്ക് തുക ചെലവഴിക്കുന്ന സാഹചര്യം സ്ഥാപനത്തിലുണ്ടായിട്ടുണ്ട്. ബജറ്റ് പുതുക്കി മാത്രമേ ബജറ്റ് പ്രൊവിഷനതീതമായുള്ള വരവ് ചെലവുകൾ വഹിക്കാവൂ എന്നിരിക്കെ, വർഷാവസാനം ബജറ്റ് പുതുക്കുന്നതിലൂടെ മാത്രമേ ഈ വ്യതിയാനങ്ങൾ ക്രമവൽക്കരിക്കുന്നുള്ളൂ. ഓഡിറ്റ് വർഷത്ത വിശദാംശങ്ങൾ പരിഗണിക്കുമ്പോൾ ബജറ്റ് പ്രൊവിഷനും വാർഷിക പദ്ധതി അടങ്കലും (NREGS ഉൾപ്പടെ) തമ്മിൽ ബജറ്റ് തയ്യാറാക്കിയപ്പോൾ പോലും പൊരുത്തമില്ലെന്ന് ക്രമ നം (സി) പ്രകാരമുള്ള പരാമർശത്തിൽ നിന്നും വ്യക്തമാണ്. ഇത് കൂടാതെ വിവിധ തീയതികളിലായി നിരന്തരം വാർഷിക പദ്ധതിക്ക് സ്ഥാപനം ഭേദഗതി വരുത്തിയിട്ടുണ്ട്. എന്നാൽ ബജറ്റ് പുതുക്കിയിരിക്കുന്നത് വർഷാവസാനം മാത്രമാണെന്ന് കാണാം.

ഇ) ബജറ്റ് പ്രൊവിഷനില്ലാതെ വായ്പാ തിരിച്ചടവ് വരുത്തി

ഓഡിറ്റ് വർഷം 25.68 ലക്ഷം രൂപ വായ്പാ തിരിച്ചടവിന് വിനിയോഗിച്ചതായി വാർഷിക കണക്ക് സാക്ഷ്യപ്പെടുത്തുന്നുണ്ട്. എന്നാൽ ബജറ്റിൽ ചെലവിവനത്തിൽ യാതൊരു തുകയും വകയിരുത്തിയിട്ടില്ല. കൂടാതെ 15.2.23 ന് ബജറ്റ് പുതുക്കിയപ്പോഴും ഇതിനായി പ്രൊവിഷൻ നല്കിയിട്ടില്ല.ബജറ്റ് പ്രൊവിഷനില്ലാതെ തുക വിനിയോഗിച്ചത് അംഗീകരിക്കാവുന്നതല്ലെന്ന കാര്യം ശ്രദ്ധയിൽ പെടുത്തുന്നു.

എഫ് ) എല്ലാ ബജറ്റ് രേഖകളും തയ്യാറാക്കിയിട്ടില്ല

ബജറ്റ് നോട്ട്, ജന്റർ ബജററ്, പെർഫോമൻസ് ബജററ് തുടങ്ങിയ, തദ്ദേശ ഭരണസ്ഥാപനങ്ങൾക്കുള്ള ബജറ്റ് മാന്വൽ നിഷ്കർഷിക്കുന്ന രേഖകളൊന്നും ബജറ്റിനൊപ്പം തയ്യാറാക്കിയിട്ടില്ല. കൂടാതെ ബജറ്റ് തയ്യാറാക്കിയതിന് ഫയൽ ഓഡിറ്റിന് സമർപ്പിച്ചിട്ടുമില്ല. ഇതുകൊണ്ട് തന്നെ നടപടിക്രമങ്ങ പാലിച്ചാണോ ഇത് തയ്യാറാക്കിയതെന്ന് വ്യക്തമല്ല.

അർഹിക്കുന്ന ഗൌരവത്തോടെയല്ല സ്ഥാപനം ബജറ്റിനെ കാണുന്നതെന്ന് വസ്തുതകളിൽ നിന്നും വ്യക്തമാകുന്നു. ഇക്കാര്യത്തിൽ സ്ഥാപനത്തിന്റെ വിശദീകരണം ലഭ്യമാക്കേണ്ടതും തുടർവർഷങ്ങളിൽ അപാകത പരിഹരിച്ച് ബജറ്റ് തയ്യാറാക്കി പരിശോധനയ്ക്ക് നല്കേണ്ടതുമാണ്.

## 1-3 സാമ്പത്തിക വിശകലനം (റസീറ്റ് & പെയ്മെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ളത്)

| | |
|---|---|
| മുന്നിരിപ്പ് | 28926259 |
| വരവ് | 51083128 |
| ആകെ | 80009387 |
| ചെലവ് | 47713158 |
| നീക്കിയിരിപ്പ് | 32296229 |

## 1-4 ഫണ്ട് വിനിയോഗം (എ.സി.ആർ പ്രകാരം)

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് | ലാപ്സായ തുക |
|---|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ | 0 | 27566284 | 27566284 | 24118726 | 3447558 | |
| വികസന ഫണ്ട്-എസ്.സി.പി | 0 | 1661320 | 1661320 | 1661320 | 0 | |
| | | | | | | |
| മെയിന്റനൻസ്, നോൺ-റോഡ് | 0 | 5974000 | 5974000 | 2293533 | 3680467 | |
| മെയിന്റനൻസ്, റോഡ് | 0 | 15522000 | 15522000 | 6044370 | 9477630 | |

| | | | | | | |
|---|---|---|---|---|---|---|
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് – അൺടൈഡ് (ട്രഷറി മുഖേന) | 0 | 898969 | 898969 | 898969 | 0 | |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് – അൺടൈഡ് (ബാങ്ക് മുഖേന) | 85086 | 4229380 പലിശ ഉൾപ്പടെ | 4314466 | 2566628 | 1747838 | |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ടൈഡ് ഗ്രാന്റ് (ട്രഷറി മുഖേന) | 0 | 3704511 | 3704511 | 2349177 | 1355334 | |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ടൈഡ് ഗ്രാന്റ് (ബാങ്ക് മുഖേന) | 4240181 | 5849000 | 10089181 | 4055289 | 6033892 | |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| 220 | 139774231 | 134 | 62185563 | -- | 86 | 61% |

| നിർവ്വഹണ ഉദ്യോഗസ്ഥർ | പദ്ധതികളുടെ എണ്ണം | നടപ്പാക്കിയത് | ആകെ അടങ്കൽ തുക | ചെലവഴിച്ച തുക | ചെലവ് % |
|---|---|---|---|---|---|
| കൃഷി ഓഫീസർ | 13 | 11 | 6894726 | 5772235 | 84% |
| വെറ്ററിനറി സർജൻ | 6 | 6 | 1577991 | 1292502 | 82% |
| മെഡിക്കൽ ഓഫീസർ) (സി.എച്ച്.സി) | 4 | 4 | 1880586 | 1488053 | 79% |
| മെഡിക്കൽ ഓഫീസർ) (ആയുർവ്വേദം) | 2 | 2 | 730000 | 724900 | 99 |
| മെഡിക്കൽ ഓഫീസർ) ഹോമിയോ | 2 | 2 | 220000 | 210323 | 96 |
| അസിസ്റ്റന്റ് എഞ്ചിനീയർ | 120 | 51 | 62163535 | 19105540 | 31% |
| വില്ലേജ് എകസ്റ്റൻഷൻ ഓഫീസർ | 17 | 14 | 34547151 | 7996917 | 23% |
| ഐ.സി.ഡി. എസ് സൂപ്പർവൈസർ | 10 | 7 | 8639778 | 6184724 | 72% |
| സെക്രട്ടറി | 38 | 31 | 17208664 | 15233464 | 89% |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 2 | 2 | 4010000 | 2673920 | 67% |
| അസി. സെക്രട്ടറി | 5 | 3 | 1801800 | 1470985 | 82% |
| സബ്ബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | 1 | 1 | 100000 | 32000 | 32% |
| | 220 | 134 | 139774231 | 62185563 | 61% |

ഡി.പി.സി. അംഗീകാരം ലഭിച്ച 220 പ്രോജക്ടുകളിൽ 134 എണ്ണം ഓഡിറ്റ് വർഷം നടപ്പാക്കിയിട്ടുണ്ട്. ആകെ പദ്ധതി അടങ്കലായി 13,97,74,231/- രൂപ വകയിരുത്തിയതിൽ 6,21,85,563/- രൂപ പദ്ധതിക്കായി ചെലവഴിച്ചിട്ടുണ്ട്.

## 1-6 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 01.08.2023 ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 10,554/- രൂപ ക്യാഷ് ബാലൻസിന്റെ/നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

1-7 രശീതി പരിശോധനയിൽ കണ്ട അപാകതകൾ

1. മാന്വൽ രശീതികളിൽ വ്യാപകമായി തിരുത്തലുകൾ വരുത്തുന്നു.

2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൌണ്ട്സ്) ചട്ടങ്ങൾ ചട്ടം 11(4) പ്രകാരം രശീതികളിലെ തുകകളിൽ തിരുത്തലുകളോ മാറ്റങ്ങളോ വരുത്താൻ പാടില്ല. തെറ്റുകൾ സംഭവിച്ചാൽ അത്തരം രശീതികൾ റദ്ദുചെയ്ത് സൂക്ഷിക്കേണ്ടതാണ്. എന്നാൽ കൃഷി ഓഫീസർ ഗുണഭോക്തൃ വിഹിതം ഈടാക്കുന്നതിനായി ഉപയോഗിച്ച രശീതികളിൽ ഗുണഭോക്താക്കളുടെ പേര്, പ്രോജക്ട് നമ്പർ, തുക എന്നിവയിൽ തിരുത്തലുകൾ വരുത്തി ഉപയോഗിച്ചതായി കാണുന്നു. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| രശീതി ബുക്ക് നം. | തിരുത്തൽ വരുത്തിയ രശീതികൾ |
|---|---|
| 20646 | 1 മുതൽ 44 വരെ |
| 20656 | 41 മുതൽ 55 വരെ |
| 20675 | 1 മുതൽ 5 വരെ |

2.തീയതി രേഖപ്പെടുത്തിയിട്ടില്ല

കൃഷി ഓഫീസർ ഗുണഭോക്തൃ വിഹിതം ഈടാക്കുന്നതിനായി ഉപയോഗിച്ച രശീതികളിൽ, താഴെ കൊടുത്തിട്ടുള്ള രശീതികളിൽ പണം പിരിച്ച തീയതി രേഖപ്പെടുത്തിയിട്ടില്ല.

| രശീതി ബുക്ക് നം. | പേജ് |
|---|---|
| 20675 | 69 മുതൽ 88 വരെ |

അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ടു കൊണ്ട് എൻക്വയറി (ഓഡിറ്റ് എൻക്വയറി 6 /22-23 തീയതി: 02.08.2023) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല. വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

1-8 ടാക്സ് ഓഡിറ്റ്

കേരള പഞ്ചായത്ത് രാജ് ആക്ട് പ്രകാരം ഗ്രാമപഞ്ചായത്തുകൾക്ക് പിരിച്ചെടുക്കാൻ അധികാരപ്പെട്ട

നികുതികൾ വസ്തു നികുതി, തൊഴിൽ നികുതി, സർവ്വീസ് ഉപനികുതി എന്നിവയാണ്. ഇതിൽ ആദ്യത്തെ രണ്ടിനത്തിലുള്ള നികുതികൾ മാത്രമാണ് സ്ഥാപനത്തിൽ പിരിച്ചെടുക്കുന്നത്. സ്ഥാപനപരിധിയിലുള്ള, നികുതി ഒടുക്കാൻ ബാധ്യതപ്പെട്ട മുഴുവൻ പേരേയും ഉൾപ്പെടുത്തി ഈ നികുതികളുടെ ഡിമാന്റ് നൂറു ശതമാനമാക്കാൻ സ്ഥാപനത്തിന് നാളിതുവരെ കഴിഞ്ഞിട്ടില്ലെന്ന് മുൻകാല ഓഡിറ്റ് റിപ്പോർട്ടുകളും സ്ഥാപനത്തിലെ തന്നെ രേഖകളും സാക്ഷ്യപ്പെടുത്തുന്നു. ലഭിക്കേണ്ട നികുതി മുഴുവൻ ഡിമാന്റ് ചെയ്ത് പിരിച്ചെടുക്കുന്നതിൽ താഴെ പറയുന്ന മേഖലകളിൽ സ്ഥാപനത്തിന് വീഴ്ച വന്നിട്ടുണ്ട്.

എ) നികുതികൾ ഒടുക്കാൻ ബാധ്യതപ്പെട്ട മുഴുവൻ പേരേയും ഉൾപ്പെടുത്തി ഈ നികുതികളുടെ ഡിമാന്റ് നൂറു ശതമാനമാക്കയിട്ടില്ല

ബി) നികുതി നിർണ്ണയിക്കുന്നതിൽ വന്ന അപാകതകൾ മൂലം, നികുതിദായകരിൽ നിന്നും ഒടുക്കാൻ ബാധ്യതപ്പെട്ടതിനേക്കാൾ കുറഞ്ഞ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കുന്നു.

മേല്പറഞ്ഞ വീഴ്ചകളുടെ വിശദവിവരം താഴെ കൊടുക്കുന്നു.

എ)നികുതികളുടെ ഡിമാന്റ് നൂറ് ശതമാനമില്ല

വസ്തു നികുതി, തൊഴിൽ നികുതി എന്നീ രണ്ട് നികുതികളുടെ കാര്യത്തിലും നികുതി ഒടുക്കാൻ ബാധ്യതപ്പെട്ട മുഴുവൻ സ്ഥാപനങ്ങളും ഡിമാന്റിൽ വന്നിട്ടില്ലെന്ന് 2021-22 വരെയുള്ള വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടുകളിൽ പ്രതിപാദിച്ചിരുന്നു. ഇതിൽ 2018-19 വർഷത്തെ റിപ്പോർട്ടിലെ 1-7, 1-8 എന്നീ ഖണ്ഡികകളിൽ വിശദമായ വിവരങ്ങൾ ഉൾപ്പെടുത്തി തന്നെ ഈ നികുതികൾ നൂറ് ശതമാനം ഡിമാന്റ് ചെയ്യപ്പെടുന്നില്ലെന്ന് പ്രതിപാദിക്കുകയും വീഴ്ച പരിഹരിക്കാൻ നിർദ്ദേശങ്ങൾ നല്കുകയും ചെയ്തിരുന്നു. എന്നാൽ ഈ നിർദ്ദേശങ്ങൾ നടപ്പിലാക്കി വിവരം അറിയിക്കുന്നതിന് പകരം നികുതി ഡിമാന്റ് നൂറുശതമാനമില്ലെന്ന് സ്ഥാപിക്കാൻ വേണ്ടി ഖണ്ഡികയിൽ പരാമർശിച്ച വസ്തുതകൾക്കാണ് സ്ഥാപനം മറുപടി നല്കിയത്. 2020-21 വർഷത്തെ റിപ്പോർട്ടിലെ ഖണ്ഡിക 1-10 (തൊഴിൽ നികുതി) ലും സ്ഥാപനങ്ങൾ ഡിമാന്റിൽ നിന്നും ഒഴിഞ്ഞുപോയത് പരാമർശിച്ചിട്ടുണ്ടെങ്കിലും പരിഹാര നടപടി സ്വീകരിച്ച് സ്ഥാപനം റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല.

എന്നാൽ 2021-22 വർഷത്തിൽ പ്രൊജക്ട് നമ്പർ 37/22 ആയി ജി ഐ എസ് മേപ്പിംഗ് എന്ന പ്രൊജക്ട് സ്ഥാപനം രൂപീകരിക്കുകയും ഊരാളുങ്കൽ ലേബർ കോൺട്രാക്ട് സൊസൈറ്റിയുമായി ജി ഐ എസ് ബെയ്സ്ഡ് പ്രോപ്പർട്ടി ടാക്സ് മാനേജ്മെന്റ് സിസ്റ്റം ഏറാമല ഗ്രാമപഞ്ചായത്തിൽ നടപ്പിലാക്കുന്നതിന് കരാർ വയ്ക്കുകയും ചെയ്തിട്ടുണ്ട്. 28.85 ലക്ഷം രൂപ ബിൽ തുക വന്ന പ്രൊജക്ടിന്റെ പൂർത്തീകരണ ഫലമായി കെട്ടിടങ്ങളുടെ വിശദവിവരങ്ങളും അത് ഉപയോഗപ്പെടുത്തുന്ന ആളുകളുടെ സാമൂഹ്യ സാമ്പത്തിക വിവരങ്ങളും പഞ്ചായത്തിന്റെ ഭൂമിശാസ്ത്ര വിവരങ്ങളും ഉൾപ്പെടെ സ്ഥാപനത്തിന്റെ തനതുവരുമാന സമാഹരണത്തേയും ഭരണത്തെയും ആസൂത്രണത്തേയും കാര്യക്ഷമമാക്കുന്നതിന് സഹായിക്കുന്ന വിവരങ്ങളടങ്ങിയ വെബ് സൈറ്റ് സ്ഥാപനത്തിന് കൈമാറപ്പെട്ടു. ഈ വിവരങ്ങളിൽ കെട്ടിടങ്ങളുടെ വിവരങ്ങൾ സ്ഥാപനത്തിലെ നികുതി ഡിമാന്റുമായി തട്ടിച്ചു നോക്കിയതിൽ താഴെ പറയും പ്രകാരം വൻ നികുതി ചോർച്ച ഓഡിറ്റിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ട്.

I കെട്ടിട നികുതി

എ)കെട്ടിടങ്ങൾ ഡിമാന്റിൽ ഉൾപ്പെടാത്തതു മൂലമുള്ള നികുതി നഷ്ടം

| ഇനം | കെട്ടിടങ്ങളുടെ എണ്ണം | | സ്ഥാപനത്തിന്റെ കണക്കിൽ ഇല്ലാത്ത/ നികുതി ഡിമാന്റ് കെട്ടിടങ്ങൾ |
|---|---|---|---|
| | സഞ്ചയ പ്രകാരം ഡിമാന്റ് ചെയ്തത് | ജി ഐ എസ് മാപ്പിംഗ് പ്രകാരമുള്ളത് | |
| റസിഡൻഷ്യൽ കെട്ടിടങ്ങൾ | 10264 | 11262 | 998 |
| കൊമേഴ്സ്യൽ കെട്ടിടങ്ങൾ | 2967 | 3330 | 363 |
| ആകെ | 13231 | 14592 | 1361 |

റസിഡൻഷ്യൽ കെട്ടിടങ്ങളിൽ 998 എണ്ണവും കൊമേഴ്സ്യൽ കെട്ടിടങ്ങളിൽ 363 എണ്ണവും ഉൾപ്പടെ ആകെ 1361 കെട്ടിടങ്ങൾ നികുതി നിർണ്ണയിച്ച് ഡിമാന്റിൽ ഉൾപ്പെടുത്താത്തതായുണ്ടെന്ന് ഈ കണക്കുകൾ കാണിക്കുന്നു. നികുതി നഷ്ടത്തിനൊപ്പം തന്നെ കെട്ടിടനിർമ്മാണ നിയന്ത്രണാധികാരവും ഈ കെട്ടിടങ്ങളുടെ കാര്യത്തിൽ സ്ഥാപനം ഉപയോഗപ്പെടുത്തിയിട്ടില്ലെന്ന് കാണാം.

ബി) വിസ്തൃതിയ്ക്ക് അനുസൃതമായി നികുതി ഡിമാന്റ് ചെയ്യാത്തതു മൂലമുള്ള നഷ്ടം

വിസ്തൃതി സംബന്ധിച്ച് സഞ്ചയയിലെ വിവരങ്ങളിൽ നിന്നും വ്യത്യസ്തമായി, കൂടുതൽ വിസ്തൃതിയുള്ള 4526 കെട്ടിടങ്ങൾ ഉണ്ടെന്ന് ജി ഐ എസ് വെബ്സൈറ്റ് സാക്ഷ്യപ്പെടുത്തുന്നു. (ഇതിൽ റസിഡൻഷ്യൽ കെട്ടിടങ്ങളും വാണിജ്യ കെട്ടിടങ്ങളും എത്രത്തോളമെന്ന് വ്യക്തമാക്കാൻ സ്ഥാപനത്തിന് കഴിഞ്ഞിട്ടില്ല)

മേല്പറഞ്ഞതിൽ നിന്നും നിലവിൽ നികുതി ഡിമാന്റ് ചെയ്ത ആകെ കെട്ടിടങ്ങളുടെ 34.2 ശതമാനത്തിന്റെ കാര്യത്തിലും നിലവിലുള്ള വിസ്തൃതി സ്ഥാപനത്തിൽ നികുതി നിർണ്ണയിച്ച വിസ്തൃതിയേക്കാൾ കൂടിയതാണെന്ന് വ്യക്തമാകുന്നു. അനധികൃതമായി നിർവ്വഹിക്കുന്ന കൂട്ടിച്ചേർക്കലുകൾ/പുതുക്കി പണിയലുകൾ സമയബന്ധിതമായി കണ്ടെത്തി നടപടി സ്വീകരിക്കാത്തതിനാൽ വൻ തോതിലുള്ള നികുതി ചോർച്ച ഇക്കാര്യത്തിലും സ്ഥാപനത്തിലുണ്ടായിട്ടുണ്ട്. കൂടാതെ കെട്ടിട നിർമ്മാണ ചട്ടങ്ങൾ പാലിച്ചാണോ ഇവ നിർമ്മിക്കപ്പെട്ടതെന്ന് ഉറപ്പാക്കാനും കഴിഞ്ഞിട്ടില്ല.

II തൊഴിൽ നികുതി

ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ ജി ഐ എസ് വിവരങ്ങൾ നിലവിലെ തൊഴിൽ നികുതി ഡിമാന്റുമായി തട്ടിച്ചു നോക്കുമ്പോൾ വൻതോതിലുള്ള നികുതി ചോർച്ച ഈ

ഇനത്തിലുമുണ്ടെന്ന് വ്യക്തമാകുന്നു. തൊഴിൽ നികുതി ഈടാക്കുന്ന സ്ഥാപനങ്ങളുടേയും ജീവനക്കാരുടേയും പഞ്ചായത്തിലെ രേഖകളിലെ വിവരങ്ങളും യഥാർത്ഥത്തിൽ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടേയും ജീവനക്കാരുടേയും വിവരങ്ങളും താഴെ കൊടുക്കുന്നു.

| ക്രമ നം | ഇനം | സ്ഥാപനത്തിലെ രേഖകളിലെ വിവരങ്ങൾ | | ജി ഐ എസ് വിവരങ്ങൾ | |
|---|---|---|---|---|---|
| | | കെട്ടിടങ്ങൾ | ജീവനക്കാർ | കെട്ടിടങ്ങൾ | ജീവനക്കാർ |
| 1 | ആകെ കൊമേഴ്സ്യൽ കെട്ടിടങ്ങൾ | 2967 | --- | 3330 | --- |
| 2 | അടഞ്ഞു കിടക്കുന്നത് | 2029 | --- | 700 | --- |
| 3 | വിദ്യഭ്യാസ ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്ന കെട്ടിടങ്ങൾ | 27 | 291 | 187 | 901 |
| 4 | വ്യവസായ ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്ന കെട്ടിടങ്ങൾ | 867 | ഇൻസ്റ്റിറ്റ്യൂഷൻ നികുതി-27 ജീവനക്കാരുടെ നികുതി-759 | 113 | 269 |
| 5 | വാണിജ്യ ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്ന കെട്ടിടങ്ങൾ | | | 2630 | 2425 |
| 6 | ഹോസ്പിറ്റൽ ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്ന കെട്ടിടങ്ങൾ | 11 | 90 | 24 | 96 |

| | | | | | |
|---|---|---|---|---|---|
| 7 | ഓഫീസ് ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്ന കെട്ടിടങ്ങൾ | 33 | 256 | 131 | 231 |

ഗ്രാമപഞ്ചായത്തിലെ രേഖകൾ പ്രകാരം ആകെ 2029 കെട്ടിടങ്ങൾ പ്രവർത്തിക്കുന്നില്ലെന്ന് കാണുമ്പോൾ 700 എണ്ണം മാത്രമാണ് യഥാർത്ഥത്തിൽ അടഞ്ഞു കിടക്കുന്നതെന്ന് ജി ഐ എസ് വിവരങ്ങളിൽ നിന്നും വ്യക്തമാകുന്നു. അതായത് 2029 കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളിൽ നിന്നും ഇൻസ്റ്റിറ്റ്യൂഷൻ നികുതിയും ജീവനക്കാരിൽ നിന്നും തൊഴിൽ നികുതിയും ഈടാക്കുന്നില്ല എന്നതിനൊപ്പം ലൈസൻസ് ഇല്ലാതെ അത്രയും സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുവെന്നും വ്യക്തമാകുന്നു.

ക്രമ നമ്പർ 4 ൽ ജി ഐ എസ് വിവരങ്ങളിൽ സൂചിപ്പിച്ച 2425 ജീവനക്കാരുള്ളതിൽ 672 ജീവനക്കാർ ഒരാൾ മാത്രം ജോലി ചെയ്യുന്ന വാണിജ്യ സ്ഥാപനങ്ങളിലുള്ളവരാണ്. ബാക്കി 1753 പേർ ഒന്നിൽ കൂടുതൽ പേർ ജോലി ചെയ്യുന്ന സ്ഥാപനങ്ങളിലുള്ളവരാണ്. ഇൻസ്റ്റിറ്റ്യൂഷൻ നികുതി പിരിച്ചെടുക്കേണ്ട നിരവധി സ്ഥാപനങ്ങളുണ്ടെന്ന് ഈ വിവരം വ്യക്തമാക്കുന്നു. എന്നാൽ സ്ഥാപനത്തിലെ വിവര പ്രകാരം ആകെ 27 സ്ഥാപനങ്ങളിൽ നിന്നു മാത്രമാണ് സ്ഥാപന നികുതി ഈടാക്കിയിട്ടുള്ളത്. കൂടാതെ വാണിജ്യ സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്ന ആകെ 759 പേരിൽ നിന്നുമാത്രമാണ് തൊഴിൽ നികുതി പിരിച്ചെടുത്തത്. കൂടാതെ ക്രമ നം 3 ലെ വിവരങ്ങളും വൻ നികുതി നഷ്ടത്തെ സൂചിപ്പിക്കുന്നു.

കെട്ടിട നികുതിയുടെ കാര്യത്തിലെന്ന പോലെ ഇവിടെയും വ്യാപാര, വ്യവസായ സ്ഥാപനങ്ങളെ നിയന്ത്രിക്കുവാനുള്ള സ്ഥാപനത്തിന്റെ ഉത്തരവാദിത്വം നിറവേറ്റപ്പെടുന്നില്ലെന്ന് വ്യക്തമാകുന്നു. ഭൂരിഭാഗം സ്ഥാപനങ്ങളും പഞ്ചായത്തിന്റെ അനുമതിയോ അറിവോ ഇല്ലാതെ പ്രവർത്തിക്കുന്നുവെന്നത് ഗുരുതരമായ വീഴ്ചയാണ്.

ബി) <u>നികുതി നിർണ്ണയ അപാകത -കുറഞ്ഞ നിരക്കിൽ നികുതി ഡിമാന്റ് ചെയ്യുന്നു</u>

നികുതി നിർണ്ണയത്തിലെ അപാകത മൂലം കുറഞ്ഞ നിരക്കിൽ നികുതി കണക്കാക്കി ഡിമാന്റ് ചെയ്യുന്നതുമൂലവും സ്ഥാപനത്തിന് നികുതി നഷ്ടം സംഭവിക്കുന്നുണ്ട്. ഇരു നികുതികളിലും സംഭവിക്കുന്ന അപാകതകൾ താഴെ വിവരിക്കുന്നു.

<u>1) കെട്ടിട നികുതി</u>

കെട്ടിട നികുതിയുടെ കാര്യത്തിൽ താഴെ പറയുന്ന കാരണങ്ങളാൽ നികുതി നഷ്ടം സംഭവിക്കുന്നു/സംഭവിക്കാനുള്ള സാധ്യത നിലനിൽക്കുന്നു.

<u>എ) ഒരേ ഉപയോഗക്രമത്തിലുള്ള കെട്ടിടത്തിന് വ്യത്യസ്ത നമ്പർ അനുവദിച്ച് കുറഞ്ഞ നിരക്കിൽ നികുതി ഡിമാന്റ് ചെയ്യുന്നു</u>

2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ, ചട്ടം 2(5) പ്രകാരം ഒരു കെട്ടിടത്തിന്റെ വ്യത്യസ്ത ഭാഗങ്ങൾ ഒരേ സമയം ചട്ടം 4 (1) ൽ പരാമർശിക്കുന്ന വ്യത്യസ്ത ഉപയോഗ ക്രമങ്ങൾക്ക് ഉപയോഗപ്പെടുത്തുന്നുവെങ്കിൽ അതത് കെട്ടിടഭാഗങ്ങളെ വേറെ വേറെ കെട്ടിടങ്ങളായി കണക്കാക്കി കെട്ടിട നമ്പർ നൽകേണ്ടതും ഓരോ കെട്ടിടത്തിനും ഈ ചട്ടങ്ങൾ പ്രകാരം വസ്തു നികുതി ചുമത്തേണ്ടതുമാണ്. മേൽ ചട്ടങ്ങളുടെ അടിസ്ഥാനത്തിൽ ഗ്രാമപഞ്ചായത്തിൽ 100 ചതുരശ്ര മീറ്റർ വരെ തറവിസ്തീർണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് ചതുരശ്ര മീറ്ററിനു 40 രൂപ നിരക്കിലും 100 ചതുരശ്ര മീറ്ററിനു മുകളിൽ തറവിസ്തീർണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് ചതുരശ്ര മീറ്ററിനു 60 രൂപ നിരക്കിലുമാണ് വസ്തു നികുതി നിശ്ചയിച്ചിരിക്കുന്നത്. എന്നാൽ ചട്ടം 4 (1) ൽ പരാമർശിക്കുന്ന വ്യത്യസ്ത ഉപയോഗ ക്രമങ്ങൾക്കല്ലാതെ പൂർണ്ണമായും

വാണിജ്യാവശ്യത്തിനുപയോഗിക്കുന്ന കെട്ടിടങ്ങളിലെ വിവിധ റൂമുകൾക്ക് വ്യത്യസ്ത നമ്പർ നൽകി വെവ്വേറെ കെട്ടിടങ്ങളായി പരിഗണിച്ച് ചതുരശ്ര മീറ്ററിനു 40 രൂപ എന്ന കുറഞ്ഞ നിരക്കിൽ നികുതി കണക്കാക്കി ഡിമാന്റ് ചെയ്ത കാര്യം 2021-22 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക 1-11 ൽ പരാമർശിച്ചിട്ടുണ്ട്. 2011 ലെ ചട്ടം നിലവിൽ വന്നതിനുശേഷം നികുതിനിർണ്ണയിക്കപ്പെട്ട ഇത്തരം കെട്ടിടങ്ങളുടെ കാര്യത്തിൽ നികുതി ഈവിധത്തിൽ നികുതി കുറയാനുള്ള സാഹചര്യം നിലനില്ക്കുന്നതിനാൽ വലിയ കെട്ടിടങ്ങളുടെ നികുതി നിർണ്ണയിച്ചത് പുനപരിശോധിക്കേണ്ടതുണ്ട്

ബി)റോഡ് മാസ്റ്ററിലെ റോഡുകളുടെ എണ്ണം തരം എന്നിവ ആസ്തി രജിസ്റ്ററിലേതിൽ നിന്നും വ്യത്യസ്തം-നികുതി നഷ്ടത്തിന് സാധ്യത

ആസ്തി രജിസ്റ്ററിലെ റോഡുകളുടെ എണ്ണവും തരവും അതേപടി സഞ്ചയയിലെ റോഡ് മാസ്ററിൽ ഉൾപ്പെടുത്താത്തതിനാൽ നികുതി നഷ്ടം സംഭവിക്കുന്നതിനുള്ള സാധ്യത 2021-22 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക 1-14 ൽ പ്രതിപാദിച്ചിട്ടുണ്ട്. ഖണ്ഡികയിൽ പ്രതിപാദിച്ച, രണ്ട് രേഖകളിലേയും വ്യത്യാസം താഴെ കൊടുക്കുന്നു

| റോഡുകൾ എണ്ണം , തരം | ആസ്തി രജിസ്റ്റർ പ്രകാരം | റോഡ് മാസ്റ്റർ പ്രകാരം |
|---|---|---|
| ആകെ റോഡുകളുടെ എണ്ണം | 393 | 186 |
| അഞ്ച് മീറ്ററോ അതിൽ കൂടുതലോ വീതിയുള്ള റോഡുകൾ | 29 | 32 |
| അഞ്ച് മീറ്ററിൽ കുറവും ഒന്നര മീറ്ററിൽ കൂടുതലും വീതിയുള്ള റോഡുകൾ | 363 | 152 |
| ഒന്നര മീറ്ററോ അതിൽ കുറവോ വീതിയുള്ള റോഡുകൾ | 1 | 2 |

എന്നാൽ ജി ഐ എസ് മാപ്പിംഗ് വിവരങ്ങൾ പ്രകാരം ആകെ 1362 റോഡുകൾ സ്ഥാപനത്തിലുണ്ട്. ഇതിന്റെ വിശദാംശം താഴെ കൊടുക്കുന്നു

| ക്രമ നം | റോഡുകൾ തരം | എണ്ണം |
|---|---|---|
| 1 | അഞ്ച് മീറ്ററോ അതിൽ കൂടുതലോ വീതിയുള്ള റോഡുകൾ | 35 |

| | | |
|---|---|---|
| 2 | അഞ്ച് മീറ്ററിൽ കുറവും ഒന്നര മീറ്ററിൽ കൂടുതലും വീതിയുള്ള റോഡുകൾ | 1056 |
| 3 | ഒന്നര മീറ്ററോ അതിൽ കുറവോ വീതിയുള്ള റോഡുകൾ | 271 |
| 4 | ആകെ റോഡുകൾ | 1362 |

നിലവിലെ ആസ്തി രജിസ്റ്ററും കാലികമല്ലെന്ന് ഈ വിവരങ്ങൾ കാണിക്കുന്നു.

നഷ്ടത്തിനുള്ള സാധ്യത

സോഫ്റ്റ് വെയറിൽ സ്ഥാപനത്തിലെ 186 റോഡുകളുടെ പേരുവിവരം മാത്രം രേഖപ്പെടുത്തിയതിനാൽ നികുതി നിർണ്ണയിക്കുമ്പോൾ ഓരോ വാർഡിലേയും റോഡുകളുടെ പേരുകൾ ഫീൽഡിൽ ഓപ്ഷനായി വരുന്നില്ല. ചില വാർഡുകളുടെ കാര്യത്തിൽ ഒരു റോഡ് പോലും വരാതിരിക്കുമ്പോൾ ചില വാർഡുകളുടെ കാര്യത്തിൽ ഒന്നോ രണ്ടോ റോഡ് മാത്രം ഓപ്ഷനായി വരുന്നു. ഇത്തരം സാഹചര്യത്തിൽ നികുതി നിർണ്ണയം നടത്തുന്ന ക്ലാർക്കുമാർ 'മറ്റുള്ളവ' എന്ന് ഓപ്ഷൻ തെരെഞ്ഞെടുക്കുകയും അവിടെ റോഡിന്റെ പേര് മാനുവലായി രേഖപ്പെടുത്തുകയും ചെയ്യുന്നു. ഇതിനു താഴെയായി വരുന്ന റോഡിന്റെ തരം എന്ന ഫീൽഡിൽ നാലു ഓപ്ഷനുകൾ വരുന്നുണ്ട്. വീതി അഞ്ച് മീറ്ററിന് മുകളിൽ, ഒന്നര മീറ്ററിനും അഞ്ച് മീറ്ററിനും ഇടയിൽ, ഒന്നര മീറ്ററിൽ കുറവ്, പൊതുവഴി ഇല്ലാത്തത് എന്നിവയാണ് ഈ ഓപ്ഷനുകൾ. മിക്ക റോഡുകളും ഒന്നര മീറ്ററിനും അഞ്ച് മീറ്ററിനും ഇടയിൽ എന്ന ഓപ്ഷനാണ് തെരെഞ്ഞെടുക്കപ്പെടുന്നതെന്ന് ബോധ്യപ്പെട്ടിട്ടുണ്ട്. റോഡിന്റെ യഥാർത്ഥ വീതി, നീളം എന്നിവ ആസ്തി രജിസ്റ്ററിൽ രേഖപ്പെടുത്തിയതായിരിക്കും എന്നത് ഇവിടെ പ്രസക്തമാണ്. ഇപ്രകാരം റോഡിന്റെ തരം നിശ്ചയിക്കുന്നത് സ്ഥാപനത്തിന് നികുതി നഷ്ടം വർഷാവർഷം സംഭവിക്കുന്നതിനുള്ള സാധ്യതയുണ്ടാക്കുന്നു.

ജി ഐ എസ് മാപ്പിംഗ് വിവരങ്ങൾ അടിസ്ഥാനപ്പെടുത്തി ആസ്തിരജിസ്റ്ററും റോഡ് മാസ്റ്ററും കാലികമാക്കി നികുതി നഷ്ടം ഒഴിവാക്കേതാണ്.

സി) പോസ്റ്റ് ഒക്യുപൻസി ഓഡിറ്റ് നടത്താത്തതിനാൽ നികുതി നഷ്ടത്തിന് സാധ്യത

2019 ലെ കേരള പഞ്ചായത്ത് രാജ് (കെട്ടിട നിർമ്മാണ) ചട്ടങ്ങൾ ,ചട്ടം 21 പ്രകാരം, ഒക്യുപൻസി നൽകിയ കെട്ടിടങ്ങൾ, ചട്ടത്തിൽ പറഞ്ഞ ചെറിയ കെട്ടിടങ്ങളുടെ കാര്യത്തിലൊഴികെ, ഒക്യുപൻസി നൽകിയ തീയതി മുതൽ 2 വർഷത്തിനകം സെക്രട്ടറി പോസ്റ്റ് ഒക്യുപൻസി ഓഡിറ്റ് നടത്തേണ്ടതാണ്. .കൂടാതെ ചട്ടം 22 പ്രകാരം 2 വർഷത്തിനു ശേഷം ഏത് സമയത്തും സെക്രട്ടറിക്ക് ഈ കെട്ടിടങ്ങളുടെ പോസ്റ്റ് ഒക്യുപൻസി ഓഡിറ്റ് നടത്താവുന്നതുമാണ്. നികുതി പുനർ നിർണ്ണയവുമായി ഈ ഓഡിറ്റിന് വളരെ പ്രസക്തിയുണ്ടെന്ന് വസ്തു നികുതി ചട്ടങ്ങൾ, ചട്ടം 6 ൽ നിന്നും വ്യക്തമാകുന്നു.ഈ ചട്ടത്തിലെ പട്ടിക 6 പ്രകാരം തറവിസ്തീർണ്ണം 250 ന് മുകളിലുള്ള കെട്ടിടങ്ങളുടെ നികുതി നിർണ്ണയിക്കുമ്പോൾ അവയുടെ തറ (Floor) മേൽത്തരം തടി, ഇറ്റാലിയൻ മാർബിൾ, ഗ്രാനൈറ്റ് അഥവാ മറ്റേതെങ്കിലും വിലയേറിയ സാധനങ്ങൾ കൊണ്ട് നിർമ്മിച്ചതാണെങ്കിൽ അടിസ്ഥാന നികുതിയിന്മേൽ 15% വർദ്ധനവ് വരുത്തേണ്ടതാണ്. കൂടാതെ പട്ടിക 7 പ്രകാരം ഇത്തരം കെട്ടിടങ്ങൾക്ക് സെൻട്രലൈസ്ഡ് എയർകണ്ടീഷനിംഗ് ഏർപ്പെട്ട ത്തിയിട്ടുണ്ടെങ്കിൽ അടിസ്ഥാന നികുതിയിന്മേൽ 10% വർദ്ധനവും വരുത്തേണ്ടതാണ്. എന്നാൽ ചട്ടം പ്രതിപാദിക്കും വിധം പോസ്റ്റ് ഒക്യുപൻസി ഓഡിറ്റ് സ്ഥാപനം നടത്തുന്നില്ല. 2021-22 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക 1-10 ൽ ഇത്തരത്തിലുള്ള നികുതി ചോർച്ചയുടെ സാധ്യത വ്യക്തമാക്കിയിട്ടുണ്ട്.

മേൽ ഖണ്ഡികയിൽ പരാമർശിച്ച കെട്ടിടങ്ങൾ ഉൾപ്പടെ 250 ച.മീറ്ററിൽ അധികമുള്ള എല്ലാ കെട്ടിടങ്ങളുടേയും പോസ്റ്റ് ഒക്യുപൻസി ഓഡിറ്റ് നടത്തി ആവശ്യമെങ്കിൽ നികുതി പുനർ

നിർണ്ണയിക്കേണ്ടതുണ്ട്.

ഡി)കെട്ടിടങ്ങളുടെ ഉപയോഗക്രമം തെറ്റായി നിർണ്ണയിക്കുന്നതു മൂലം നികുതി നഷ്ടം സംഭവിക്കുന്നു

പഞ്ചായത്തിലെ വിവിധ വാർഡുകളിലെ വ്യവസായ വാണിജ്യ സംരംഭക ലൈസൻസ് എടുത്ത സ്ഥാപനങ്ങൾ പ്രവർത്തിക്കുന്ന കെട്ടിടങ്ങളുടെ ഉപയോഗക്രമം സഞ്ചയയിൽ പരിശോധിച്ചപ്പോൾ അവയെല്ലാം മറ്റ് ആവശ്യങ്ങൾക്ക് നികുതി നിർണ്ണയിക്കപ്പെട്ടവയാണെന്ന് ശ്രദ്ധയിൽപ്പെട്ട കാര്യം 2019-20 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക 1-12 ൽ പരാമർശിച്ചിട്ടുണ്ട്. ഖണ്ഡികയിൽ സൂചിപ്പിച്ച 11 കെട്ടിടങ്ങളും പാർപ്പിടാവശ്യത്തിന് നികുതി നിർണ്ണയിച്ച കെട്ടിടങ്ങളായിരുന്നു. കൂടാതെ ഒക്യുപൻസി മാറ്റാതെ ആശുപത്രി കെട്ടിടത്തിൽ ഹൈപ്പർ മാർക്കററ് പ്രവർത്തിച്ചു വരുന്ന കാര്യം 2021-22 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക 1-12 ൽ പ്രതിപാദിച്ചിട്ടുണ്ട്. ലൈസൻസ് അനുവദിക്കുമ്പോൾ കെട്ടിടത്തിന്റെ തരം സഞ്ചയയിൽ പരിശോധിക്കാത്തതാണ് അപാകതയ്ക്ക് പ്രധാന കാരണമെന്നു കാണാം.

II തൊഴിൽ നികുതി

നികുതി ഈടാക്കുന്നത് നിർണ്ണയിക്കാതെ

വാണിജ്യ സ്ഥാപനങ്ങളിൽ നിന്ന് ഇൻസ്റ്റിറ്റ്യൂഷൻ ടാക്സ് ഈടാക്കുന്നതിലും ഒരാൾ മാത്രമുള്ള സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി/സ്ഥാപന നികുതി ഈടാക്കുമ്പോഴും നികുതി ഡിമാന്റ് ചെയ്ത് ഈടാക്കുന്നത് നിയമവും ചട്ടങ്ങളും അനുശാസിക്കുന്ന നടപടിക്രമങ്ങളിലൂടെയല്ല. തൊഴിൽ നികുതി ചട്ടങ്ങളുടെ അനുബന്ധമായുള്ള ഫോറം 2 ൽ റിട്ടേൺ വാങ്ങിയാണ് നികുതി ഈടാക്കേണ്ടിയിരുന്നതെങ്കിലും ഇപ്രകാരം ചെയ്തിട്ടില്ല. ഈ നികുതി എപ്രകാരം നിശ്ചയിക്കപ്പെടുന്നു എന്ന് വ്യക്തമല്ല. നികുതി നഷ്ടത്തിലേക്ക് നയിക്കാനുള്ള സാഹചര്യം ഇതുമൂലമുണ്ടായിട്ടുണ്ട്.

നികുതികളുടെ കാര്യത്തിൽ സ്ഥാപനത്തിൽ നിലനില്ക്കുന്ന പോരായ്മകൾ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടേയും ഭരണസമിതിയുടേയും പ്രത്യേക ശ്രദ്ധയിൽ കൊണ്ടു വരുന്നു. പോരായ്മകൾ പരിഹരിക്കാൻ ആവശ്യമായ നടപടികൾ അടിയന്തിരമായി സ്വീകരിക്കാവുന്നതാണ്.
അപാകതകൾ പരിഹരിച്ച് വിവരം അറിയിക്കേണ്ടതാണ്

1-9 വസ്തു നികുതി പിരിച്ചെടുക്കുന്നതിലെ അപാകതകൾ

**1.**വസ്തു നികുതി - വഴി സൌകര്യത്തിന്റെ അടിസ്ഥാനത്തിൽ വർദ്ധനവ് വരുത്തിയില്ല

ഫയൽ നം. A4-4712/21

കെട്ടിട നം. 15/35A-D

ഉടമസ്ഥന്റെ പേര് .അമ്മദ്. ടി.കെ.

പെർമിറ്റ് നം. A4-4712/21,30.06.21

മുകളിൽ കൊടുത്തിട്ടുള്ള ഫയലിൽ സൂചിപ്പിച്ചിട്ടുള്ള 53.95ച.മീറ്റർ വിസ്തീർണ്ണമുള്ള വാണിജ്യ കെട്ടിടം കെട്ടിട ഉടമ സമർപ്പിച്ച വസ്തു നികുതി നിർണ്ണയ റിട്ടേൺ പ്രകാരം ഒഞ്ചിയം – തോട്ടുങ്ങൽ പീടിക റോഡിനു സമീപത്താണ് സ്ഥിതി ചെയ്യുന്നത്. ആസ്തി രജിസ്റ്റർ പ്രകാരം മേൽപ്പറഞ്ഞ റോഡ് 5 മീറ്ററിൽ കൂടുതൽ വീതിയുള്ള റോഡിന്റെ ഗണത്തിൽ പെടുന്നു. ആയതിനാൽ വസ്തു നികുതി നിർണ്ണയിക്കുമ്പോൾ വഴി സൗകര്യത്തിന്റെ അടിസ്ഥാനത്തിൽ 20% വർദ്ധനവ് വരുത്തേണ്ടതാണ്. എന്നാൽ സഞ്ചയയിൽ റോഡിന്റെ തരം ഒന്നര മീറ്ററിൽ കൂടുതൽ എന്നാണ് കാണിച്ചിട്ടുള്ളത്.

ആയതിനാൽ വഴി സൗകര്യത്തിന്റെ അടിസ്ഥാനത്തിൽ വർദ്ധനവ് വരുത്താതെയാണ് നികുതി നിർണ്ണയിച്ചിട്ടുള്ളത്. അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കേണ്ടതും നികുതി പുനർ നിർണ്ണയിച്ച് ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

**2.** സേവന ഉപനികുതി ഈടാക്കുന്നില്ല

കേരള പഞ്ചായത്ത് രാജ് വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും ചട്ടങ്ങൾ ചട്ടം 26 പ്രകാരം ഒരു ഗ്രാമപഞ്ചായത്ത് പ്രദേശത്ത് സ്ഥിതി ചെയ്യുന്നതും ആക്ടിലെ 207-ാം വകുപ്പ് (1)-ാം ഉപവകുപ്പ് പ്രകാരം സേവന ഉപനികുതിയിൽ നിന്ന് ഒഴിവാക്കപ്പെട്ടിട്ടില്ലാത്തതുമായ ഏതൊരു കെട്ടിടത്തിന്റെയും ഉടമസ്ഥനിൽ നിന്ന്, പ്രസ്തുത കെട്ടിടം സ്ഥിതി ചെയ്യുന്ന ഭൂമിയിലോ അതിന്റെ സമീപ പ്രദേശത്തോ ശുചിത്വപരിപാലനം, ജലവിതരണം, തെരുവുവിളക്കുകൾ, ഡ്രെയിനേജ് എന്നിവ സംബന്ധിച്ച് സേവനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടെങ്കിൽ ഗ്രാമപഞ്ചായത്ത് നിശ്ചയിക്കുന്ന നിരക്കിൽ സേവന ഉപനികുതി ചുമത്താവുന്നതാണ്. പഞ്ചായത്തിൽ തൻവർഷം വിവിധ സേവനങ്ങൾക്കായി താഴെ പറയുന്ന പ്രകാരം പണം ചെലവഴിച്ചതായി കാണുന്നു.

| | |
|---|---|
| കുടിവെള്ള പദ്ധതി | 3286780 |
| തെരുവ് വിളക്കുകൾ സ്ഥാപിക്കൽ | 243824 |

എന്നാൽ സ്ഥാപനത്തിന്റെ അക്കൗണ്ടുകൾ പരിശോധിച്ചതിൽ നിന്നും സ്ഥാപനത്തിൽ സേവന ഉപനികതി ഈടാക്കുന്നില്ല എന്നു കാണുന്നു. ചട്ടം 27 ൽ പറഞ്ഞ നിരക്കിൽ സേവന ഉപനികതി ഈടാക്കി തനതു വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

വസ്തു നികുതി പരിഷ്കരണം

പഞ്ചായത്തിലെ അടിസ്ഥാന വസ്തു നികുതി നിരക്കുകൾ 26.04.2023, 12.06.2023 തിയ്യതികളിലെ പഞ്ചായത്ത് ഭരണസമിതി യോഗം 160/2023, 219/23 നമ്പർ തീരുമാന പ്രകാരം നിശ്ചയിക്കുകയും പത്രത്തിൽ പരസ്യം നല്കുകയും ചെയ്തു. വഴി സൗകര്യത്തിന് പ്രാധാന്യം നല്കിയാണ് മേഖലകളെ പ്രഥമം, ദ്വിതീയം എന്നിങ്ങനെ തരം തിരിച്ചിട്ടുള്ളത്. തൃതീയ മേഖലയിൽ ഉൾപ്പെട്ട പ്രദേശങ്ങളില്ല. പുതുക്കിയ നിരക്കുകൾ സഞ്ചയയിൽ ലഭ്യമല്ലാത്തതിനാൽ അഞ്ചു ശതമാനം വർദ്ധനവോടു കൂടിയ നിരക്കിലാണ് നിലവിൽ നികുതി ഈടാക്കിക്കൊണ്ടിരിക്കുന്നത്. സോഫ്റ്റ്‌വെയർ അപാകതകൾ പരിഹരിച്ച് പുതുക്കിയ നിരക്കിൽ നികുതി നിശ്ചയിച്ച് ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

1-10 ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും

ലൈസൻസ് നൽകൽ അപാകത

പഞ്ചായത്തിൽ 2022-23 വർഷത്തിൽ സ്ഥാപനങ്ങൾക്ക് ലൈസൻസ് നൽകിയതിന്റെ വിശദാംശങ്ങൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ താഴെ കൊടുക്കുന്നു.

ചട്ട പ്രകാരമുള്ള ലൈസൻസ് ഫീസ് ഈടാക്കിയിട്ടില്ല .

കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റു സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ - ചട്ടം 7 പ്രകാരം ഫാക്ടറികൾ, വ്യാപാരങ്ങൾ, സംരംഭക പ്രവർത്തനങ്ങൾ എന്നിവയ്ക്ക് ലൈസൻസ് നൽകുന്നതിന് മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ II ാം പട്ടികയിൽ പ്രതിപാദിച്ചിട്ടുള്ള വാർഷിക ലൈസൻസ് ഫീസ് ഈടാക്കണം. എന്നാൽ പഞ്ചായത്ത് പരിധിയിൽപെട്ട സ്ഥാപനങ്ങളിൽ നിന്നും 2022-23 സാമ്പത്തിക വർഷത്തിൽ പട്ടിക പ്രകാരം ഈടാക്കേണ്ട തുകയല്ല പകരം പഴയനിരക്കിലുള്ള തുകയാണ് ലൈസൻസ് ഫീസായി ഈടാക്കിയിട്ടുള്ളത്. കൂടാതെ മിക്ക സ്ഥാപനങ്ങളും മൂലധനനിക്ഷേപം രേഖപ്പെടുത്താതെയാണ് ലൈസൻസിനുള്ള അപേക്ഷകൾ സമർപ്പിച്ചിട്ടുള്ളത്. ഉദാഹരണങ്ങൾ താഴെ കൊടുക്കുന്നു.

| കെട്ടിട നം | ഉടമസ്ഥർ | സ്ഥാപനം | ഈടാക്കിയ ലൈസൻസ് ഫീസ് |
|---|---|---|---|
| 7/509 | ബാവുട്ടി | സിറാജ് ജ്വല്ലറി | 300/- രസീതി നം. 100185, തീയതി. 19-04-22 |
| 7/597, 598,601, 628, 629, 624, 631 | അജിത | പപ്പൻസ് സ്റ്റോർ | 200/- രസീതി നം. 101404, തീയതി. 17-05-22 |

ചട്ട പ്രകാരമുള്ള ലൈസൻസ് ഫീസ് ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-11 കമ്മ്യൂണിറ്റി ഹാൾ കം കല്യാണമണ്ഡപം - ബൈലോ അംഗീകരിക്കാത്തതും മറ്റ്

അപാകതകളും

വിവാഹം, സൽക്കാരം, സാമൂഹ്യ രാഷ്ട്രീയ സാംസ്കാരിക-സാഹിത്യ പൊതു പരിപാടികൾ വിവിധ കലാകായിക പരിപാടികൾ എന്നിവയ്ക്ക് വാടകയ്ക്ക് നൽകുക എന്ന ഉദ്ദേശത്തോടെയാണ് പഞ്ചായത്തിൽ കമ്മ്യൂണിറ്റി ഹാൾ കം കല്യാണമണ്ഡപം പ്രവർത്തനം ആരംഭിച്ചത് .

പൊതുജനങ്ങൾക്ക് കമ്മ്യൂണിറ്റി ഹാൾ വാടകയ്ക്ക് നൽകുന്നതിന് സർക്കാരിന്റെ നിയമങ്ങളും ചട്ടങ്ങളും അനുസരിച്ചുകൊണ്ട് ഗ്രാമ പഞ്ചായത്ത് 2015-16 ൽ ബൈലോ അംഗീകരിച്ചിട്ടുണ്ട്. (24/06/2015 ലെ 66/15 നമ്പർ തീരുമാന പ്രകാരം ).

പ്രസ്തുത ബൈലോയ്ക്ക് അംഗീകാരം ലഭിക്കുന്നതിനുവേണ്ടി പഞ്ചായത്ത് ഡയറക്ടർക്ക് സമർപ്പിച്ചതും അംഗീകാരം ലഭ്യമാവാത്തതും മുൻ വർഷ ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശിച്ചിട്ടുണ്ട്. നിലവിലും ബൈലോക്ക് അംഗീകാരം ലഭ്യമായിട്ടില്ല. 11.04.2023 ലെ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി മീറ്റിംഗിലെ 39/23ാം നം. തീരുമാനപ്രകാരം മേൽ സൂചിപ്പിച്ചിട്ടുള്ള ബൈലോ പരിഷ്കരിച്ച് ഭരണസമിതിയുടെ അംഗീകാരത്തിനായി ശുപാർശ ചെയ്യുവാൻ തീരുമാനിച്ചു. എന്നാൽ ഭരണസമിതി പരിഷ്കരിച്ച ബൈലോ അംഗീകരിച്ചതായി കാണുന്നില്ല.

കരട് ബൈലോ പ്രകാരം - ഒരു ദിവസത്തേക്ക് വിവാഹം/ റിസപ്ഷൻ തുടങ്ങിയ ചടങ്ങുകൾക്ക് 15,000/- രൂപയും അംഗീകൃത രാഷ്ട്രീയ പാർട്ടികൾക്കും സംഘടനകൾക്കും 3,500/- *രൂപയും അംഗീകൃത രാഷ്ട്രീയ പാർട്ടികൾക്കും* സംഘടനകൾക്കും വൈകുന്നേരം 5 മണി മുതലാണ് പരിപാടികൾ എങ്കിൽ 2000രൂപയുമാണ് വാടക നിശ്ചയിച്ചത്. വാടകക്ക് പുറമേ 2,500/- രൂപ സെക്യൂരിറ്റി ഡെപ്പോസിറ്റും ഈടാക്കേണ്ടതാണ്. ആയത് കമ്മ്യൂണിറ്റി ഹാളിന്റെ ഉപയോഗം കഴി*ഞ്ഞ്* തൃപ്തികരമായ വിധത്തിൽ ഹാൾ കയ്യൊഴിയുന്ന മുറയ്ക്ക് സെക്യൂരിറ്റി ഡെപ്പോസിറ്റ് മടക്കി നൽകാനും വ്യവസ്ഥ ചെയ്യുന്നുണ്ട് .

കമ്യൂണിറ്റി ഹാളിന് വാടക ഈടാക്കുന്നതുമായി ബന്ധപ്പെട്ട് എഴുതി സൂക്ഷിച്ച രജിസ്റ്റർ പരിശോധിച്ചതിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

1) അംഗീകാരത്തിനയച്ച ബൈലോയിൽ ഉൾപ്പെടാത്ത നിരക്കിൽ ചുവടെ ചേർത്തവരിൽ നിന്നും വാടക ഈടാക്കിയിട്ടുണ്ട് .

| തിയ്യതി | അപേക്ഷകന്റെ പേരും വിലാസവും | ആവശ്യം | ഈടാക്കിയ വാടക |
|---|---|---|---|
| 26.5.22 | ബാബു പുതിയോട്ടും താഴക്കുനി | വിവാഹം | 5500 |
| 25.9.22 | ജനറൽ മാനേജർ, ഏറാമല സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്ക്. | മീറ്റിംഗ് | 5500 |
| 31.3.23 | ശാന്തകുമാരി | റിസപ്ഷൻ | 5500 |

2)ബുക്ക് ചെയ്ത മുഴുവൻ പേരിൽ നിന്നും സെക്യൂരിറ്റി ഡെപ്പോസിറ്റ് ഈടാക്കിയില്ല.

ഓഡിറ്റ് വർഷം 16 പേർ കമ്മ്യൂണിറ്റി ഹാൾ ബുക്ക് ചെയ്തെങ്കിലും 7 പേരിൽ നിന്നും സെക്യൂരിറ്റി ഡെപ്പോസിറ്റ് ഈടാക്കിയിട്ടില്ല . ഇത് കരട് ബൈലോയിലെ 5-ാം നമ്പർ വ്യവസ്ഥക്ക് വിരുദ്ധമാണ്.

കമ്മ്യൂണിറ്റി ഹാൾ ഉപയോഗം കഴിഞ്ഞ് തൃപ്തികരമായ വിധത്തിൽ തിരികെ പഞ്ചായത്തിൽ ഏൽപ്പിക്കുന്ന മുറയ്ക്ക് സെക്യൂരിറ്റി ഡെപ്പോസിറ്റ് മടക്കി നൽകുന്നതാണെന്ന് കരട് ബൈലോയിൽ വ്യവസ്ഥ ചെയ്യുന്നുണ്ട്. ഇത്തരത്തിലുള്ള ഒരു നിബന്ധനയുള്ളതുകൊണ്ട് തന്നെ സെക്യൂരിറ്റി ഡെപ്പോസിറ്റ് അടവാക്കുന്ന വാടകക്കാരൻ ഹാൾ തൃപ്തികരമായി തിരിച്ചേൽപ്പിക്കാൻ നിർബന്ധിതനാവുന്നുണ്ട് .മുഴുവൻ പേരിൽ നിന്നും സെക്യൂരിറ്റി ഡെപ്പോസിറ്റ് ഈടാക്കാത്തുകൊണ്ട് തന്നെ തൻവർഷം ഹാൾ വൃത്തിയാക്കിയ വകയിൽ ഗ്രാമപഞ്ചായത്തിന് ചെലവും വന്നിട്ടുണ്ട്.

ബൈലോ അംഗീകരിക്കുന്നതിനും അംഗീകരിച്ച ബൈലോ പ്രകാരം ഉചിതമായ വാടക ഈടാക്കി പഞ്ചായത്തിന്റെ തനത് വരുമാനം വർദ്ധിപ്പിക്കുന്നതിനും പഞ്ചായത്ത് സ്വീകരിച്ച തുടർ നടപടികൾ ഓഡിറ്റിനെ അറിയിക്കേണ്ടതും ബൈലോയിൽ നിശ്ചയിക്കാത്ത നിരക്ക് ഈടാക്കുന്നതിനും മുഴുവൻപേരിൽ നിന്നും സെക്യൂരിറ്റി ഡെപ്പോസിറ്റ് ഈടാക്കാത്തതിനും വിശദീകരണം നൽകേണ്ടതുമാണ് .

1-12 കൃഷി ഓഫീസർ നിർവ്വഹണം നടത്തിയ പദ്ധതികളിലെ അപാകതകൾ

1. ഇടവിളകൃഷി നടീൽ വസ്തുക്കളുടെ വിതരണം -വിതരണം ചെയ്തതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല .

അടങ്കൽ-676000/-(വികസനഫണ്ട്-ജനറൽ)

ചെലവ്-676000/-(BRN 22170352011300987225
തിയ്യതി-29.12.2022 തുക-676000/-)

കേരള അഗ്രോ ഇൻഡസ്ട്രിയൽ കോർപ്പറേഷൻ വേങ്ങേരിയിൽ നിന്നും 5 കിലോ വീതമുള്ള നടീൽ വസ്തുക്കൾ (ചേന, ചേമ്പ്, കാച്ചിൽ) 1352 എണ്ണം (500/-കിറ്റ്) 19 വാർഡുകളിലെയും ഗുണഭോക്താക്കൾക്ക് വിതരണം ചെയ്തിട്ടുണ്ടെങ്കിലും ഗുണഭോക്താക്കൾ നടീൽ വസ്തുക്കൾ കൈപ്പറ്റിയതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല.

2.വനിതാ ഘടക പദ്ധതിയിൽ ഉൾപ്പെടുത്തി ജനറൽ പദ്ധതികൾ നടപ്പാക്കി

സ.ഉ.(കൈ) നം.84/2022/തസ്വഭവ. തിയ്യതി 19.04.2022 നമ്പർ പതിനാലാം പഞ്ചവത്സര പദ്ധതി മർഗ്ഗരേഖയിലെ ഖണ്ഡിക 6.3 ൽ വനിതാ ഘടക പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പാക്കാവുന്ന പദ്ധതികളെ കുറിച്ച് വ്യക്തമായി പ്രതിപാദിക്കുന്നുണ്ട്. എന്നാൽ മേഖലാടിസ്ഥാനത്തിൽ ഐ.കെ.എം ചെലവ് പത്രിക പരിശോധിച്ചതിൽ ഇതിനു വിരുദ്ധമായി താഴെ പറയുന്ന പദ്ധതികൾ വികസന ഫണ്ട് (ജനറൽ) അടങ്കലായി വനിതാ ഘടക പദ്ധതിയിൽ ഉൾപ്പെടുത്തി പഞ്ചായത്തിൽ നടപ്പാക്കുകയുണ്ടായി. വിശദ വിവരങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം. | പ്രോജക്ട് നമ്പർ/ പേര് | പദ്ധതി അടങ്കൽ | ചെലവ് |
|---|---|---|---|
| 1 | 178/23ഗൃഹാങ്കണ പച്ചക്കറി കൃഷി ഗ്രോബാഗിൽ | 36884/- | 36884/- |
| 2 | 209/23 കർഷകർക്ക് കുറ്റി കുരുമുളക് തൈ | 1663200/- | 1542240/- |

| | | | |
|---|---|---|---|
| | വിതരണം | | |
| 3 | 210/23ഇടവിളകൃഷി നടീൽ വസ്തുക്കളുടെ വിതരണം | 54000/- | 54000/- |
| 4 | 219/23 ഗൃഹാങ്കണ പച്ചക്കറി കൃഷി -മൺചട്ടിയിൽ | 1857600/- | 1857600/- |

മേൽ ഉത്തരവു പ്രകാരമുള്ള പദ്ധതി മാർഗ്ഗരേഖയിലെ ഖണ്ഡിക 6.3(16) അനുസരിച്ച് വനിതകൾക്കും പുരുഷൻമാർക്കും ഒരുപോലെ പ്രയോജനം ലഭിക്കുന്ന പ്രോജക്ടുകൾ വനിതാ ഘടക പദ്ധതിയിൽ ഉൾപ്പെടുത്താവുന്നതല്ല എന്ന് വ്യക്തമായി പ്രതിപാദിക്കുന്നുണ്ട്. ഉത്പാദനാധിഷ്ഠിതവും സേവനാധിഷ്ഠിതവുമായ നൂതന സംരംഭങ്ങൾ കുടുംബശ്രീയുടെ സഹായത്തോടെ നടപ്പാക്കൽ, സ്ത്രീകളുടെ തൊഴിൽ - വരുമാന വർദ്ധനവിനായി സ്വയംതൊഴിൽ സംരംഭങ്ങൾ, സ്വയം തൊഴിൽ സംരംഭകരുടെ ഉത്പന്നങ്ങളുടെ വിപണനകേന്ദ്രങ്ങൾ ആരംഭിക്കൽ പോലുള്ള പദ്ധതികളാണ് വനിതാ ഘടക പദ്ധതിയിൽ ഉൾപ്പെടുത്തി ചെയ്യാവുന്നത്.

പദ്ധതി മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി വനിതാ ഘടകപദ്ധതിയിൽ ഉൾപ്പെടുത്തി പൊതു പ്രോജക്ടുകൾ തയ്യാറാക്കിയതിന് വിശദീകരണം ലഭ്യമാക്കേണ്ടതും. അപാകത ആവർത്തിക്കാതിരിക്കേണ്ടതുമാണ്.

## 1-13 കുടിവെള്ള വിതരണം പദ്ധതി വിതരണം ചെയ്ത വെള്ളത്തിന്റെ ഗുണനിലവാരം ഉറപ്പാക്കിയില്ല

2021-22 വർഷം കുടിവെള്ളം വിതരണം നടത്തിയതിന്റെ ബാക്കി തുക 96,219/- രൂപ 2022-23 വർഷത്ത പ്രൊജക്ട് നമ്പർ 22 (നിർവ്വഹണം-സെക്രട്ടറി) പ്രകാരം കരാറുകാരനായ ശ്രീ നാസർ ഇ.കെ എന്നയാൾക്ക് 19.08.2022 തിയ്യതിയിൽ കൈമാറിയിട്ടുണ്ട് (BRN-22170352011100431280/ 19-08-2022) 2021-22 വർഷത്തിൽ 3,00,000/- രൂപ കുടിവെള്ള വിതരണത്തിനായി ചെലവഴിച്ചിരുന്നു. ആയതിന്റെ ബാലൻസ് തുക 96,219/- രൂപയാണ് 2022-23 വർഷം അനുവദിച്ചിരിക്കുന്നത്.

കുടിവെള്ളത്തിന്റെ ഗുണനിലവാരം സംബന്ധിച്ച് 17.03.2021 ലെ ലാബ് റിപ്പോർട്ട് ഫയലിനൊപ്പം ഹാജരാക്കിയിട്ടുണ്ടെങ്കിലും ആയത് സമഗ്രമല്ല. കൂടാതെ കോളിഫോം ബാക്ടീരിയ സംബന്ധിച്ച വിവരം മാത്രമാണ് ലാബ് റിപ്പോർട്ടിൽ ഹാജരാക്കിയിരിക്കുന്നത്. വിതരണം ചെയ്ത വെള്ളത്തിന്റെ ഗുണനിലവാരം അറിയുന്നതിന് ലാബ് റിപ്പോർട്ടിൽ നിന്നും സാധിക്കുന്നില്ല.

അപാകതക്ക് വിശദീകരണം ലഭ്യമാക്കേണ്ടതും വിതരണം ചെയ്ത കുടിവെള്ളത്തിന്റെ ഗുണനിലവാരം സംബന്ധിച്ച് വിശദമായ ലാബ് റിപ്പോർട്ട് ഹാജരാക്കേണ്ടതുമാണ്. അപാകതകൾ ആവർത്തിക്കാതിരിക്കാൻ നടപടികൾ സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

## 1-14 മാലിന്യ പരിപാലനം- ക്ലീൻ കേരള കമ്പനിയ്ക്ക് തുക കൈമാറൽ-പദ്ധതി നടത്തിപ്പിലെ അപാകതകൾ

നിർവ്വഹണ ഉദ്യോഗസ്ഥൻ- സെക്രട്ടറി

1) പ്രോജക്റ്റ് നം- 112/22-23

വകയിരുത്തിയ തുക – 684754/- (ധനകാര്യ കമ്മീഷൻ ഗ്രാന്റ്)

ചെലവഴിച്ച തുക - 684754/- (Bill No-22170352011100431285 Dtd 18-08-22 തുക-684754/-)

അജൈവ മാലിന്യം (റിജക്റ്റഡ് വേസ്റ്റ്) ക്ലീൻ കേരള കമ്പനിയ്ക്ക് കൈമാറുന്നതിനാണ് തുക ചെലവഴിച്ചിരിക്കുന്നത്. ക്ലീൻ കേരള കമ്പനി എം.ഡിയുടെ 8-10-21 ലെ D22/SER 21-22/245 നമ്പർ കത്ത് പ്രകാരം പുനചംക്രമണയോഗ്യമല്ലാത്ത 58030 കിലോ അജൈവ മാലിന്യം നീക്കം ചെയതതായും ഇവയ്ക്ക് കിലോയ്ക്ക് 10/- രൂപ നിരക്കിലും 18% ജി.എസ്.ടി യും ഉൾപ്പടെ 6,84,754/- രൂപ ആവശ്യപ്പെട്ടുകൊണ്ടുള്ള ഇൻവോയിസ് (Invoice No. D22/SER 21-22/240 Dtd 8/10/21) ഉം ഇതോടൊപ്പം സമർപ്പിച്ചിട്ടുണ്ട്. പദ്ധതി നടത്തിപ്പിൽ കണ്ട അപാകതകൾ ചുവടെ കൊടുക്കുന്നു.

1) 58030 കിലോ റിജക്ടഡ് മാലിന്യം കയറ്റിയതിന്റെ വേയ്ബ്രിഡ്ജ് രസീറ്റ് ഫയലിൽ ലഭ്യമാക്കിയിട്ടുണ്ടെങ്കിലും 25660 കി.ഗ്രാം മാലിന്യം തൂക്കിയതിന്റെ രേഖകളാണ് വി.ഇ.ഒ ഹാജരാക്കിയത് (30.08.2021 മുതൽ 06.01.2022 വരെ). ആയതിനാൽ 32370 കിലോ (5830-25660)മാലിന്യം കയറ്റിയതിനുള്ള ചെലവ് ഓഡിറ്റ് അംഗീകരിക്കുന്നില്ല. ഇത് ഉത്തരവാദപ്പെട്ടവർ പരിശോധിച്ചതായി കാണുന്നില്ല. ക്ലീൻ കേരള കമ്പനി ലഭ്യമാക്കിയ രസീറ്റ് പ്രകാരമുള്ള തൂക്കം പരിശോധിക്കുമ്പോൾ നിർവ്വഹണ ഉദ്യോഗസ്ഥന്റെയോ ഹരിത കർമ്മ സേനയുടെയോ സാന്നിധ്യം ഉറപ്പു വരുത്തിയില്ല.

2) തുക മാലിന്യ നീക്കത്തിന് സ്ഥാപനത്തിന് ചെലവഴിക്കേണ്ടി വന്നത് "എന്റെ മാലിന്യം എന്റെ ഉത്തരവാദിത്വം" മിഷന്റെ ലക്ഷ്യത്തിന് വിരുദ്ധമാണ്. റിജക്ടഡ് മാലിന്യം കൈയ്യൊഴിയുന്നതിന് ഗ്രാമ പഞ്ചായത്തിന് 6,84,754/- രൂപ വിനിയോഗിക്കേണ്ടി വന്നത് ഹരിതകേരള മിഷൻ നിലവിൽ വന്ന സാഹചര്യത്തിൽ അംഗീകരിക്കാവുന്നതല്ല. മാലിന്യത്തിൽ നിന്നുള്ള വരവിൽ നിന്നു തന്നെയാണ് റിജക്ടഡ് മാലിന്യം കൈയ്യൊഴിയാനുള്ള ചെലവും വഹിക്കേണ്ടതെന്ന് സർക്കാർ നിർദ്ദേശങ്ങളിൽ നിന്നും വ്യക്തമാണ്. മാലിന്യം, അവ സൃഷ്ടിക്കുന്നവരുടെ ഉത്തരവാദിത്വമാണെന്ന മുദ്രാവാക്യവുമായി സൃഷ്ടിക്കപ്പെട്ട മിഷന്റെ ഭാഗമാണ് ഹരിതകർമ്മ സേനയെന്നിരിക്കെ, പരിമിതമായ ഫീസ് ഈടാക്കിയാണ് റിജക്ടഡ് വേസ്റ്റ് ഉൾപ്പെടെയുള്ള മാലിന്യം വീടുകളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും സ്വീകരിക്കുന്നതെന്ന് മേൽ ചെലവിൽ നിന്നും വ്യക്തമാകുന്നു. റിജക്ടഡ് മാലിന്യത്തിന് അത് ശേഖരിക്കുന്നതിനും കൈയ്യൊഴിയുന്നതിനും ചെലവാകുന്ന തുക കണക്കാക്കി വീടുകളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും വാങ്ങേണ്ടതുണ്ട്.

അമിതനിരക്കിൽ ജി എസ് ടി ഈടാക്കി

പ്ലാസ്റ്റിക് ഉൾപ്പടെയുള്ള മാലിന്യങ്ങൾ ശേഖരിക്കുന്ന സേവനത്തിന് 5% മാത്രമാണ് ജി എസ് ടി നിരക്ക്. എന്നാൽ ക്ലീൻ കേരള കമ്പനി 18% നിരക്കിലാണ് നികുതി ഈടാക്കിയിരിക്കുന്നത്. 58030 കിലോ മാലിന്യത്തിന് 10/-രൂപ നിരക്കിൽ 5,80,300/-രൂപയും 18% നിരക്കിൽ 1,04,454/-രൂപ ജി എസ് ടിയും ചേർത്താണ് 6,84,754/-രൂപ അനുവദിച്ചിരിക്കുന്നത്. ഇത് കൊണ്ട് തന്നെ നികുതിയിനത്തിൽ 75,439/- രൂപ അധികം നല്കിയതായി കാണാം.

അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കേണ്ടതും 32370 കിലോ മാലിന്യം തൂക്കിയതിനുള്ള സാക്ഷ്യപ്പെടുത്തിയ രേഖകൾ ഹാജരാക്കേണ്ടതുമാണ്. ഈയിനത്തിൽ ചെലവഴിച്ച തുക 3,81,966/- രൂപ(32370x10x18%) തടസ്സത്തിൽ വെയ്ക്കുന്നു. ജി എസ് ടി ഇനത്തിൽ ക്ലീൻ കേരള കമ്പനിയ്ക്ക് അധികം നൽകിയ തുക തിരികെ ഈടാക്കേണ്ടതുമാണ്.

## 1-15 ഭിന്നശേഷി സ്കോളർഷിപ്പ് -മുഴുവൻ ഗുണഭോക്താക്കൾക്കും തുക ലഭിച്ചില്ല

പ്രോജക്ട് നം-31/22-23

നിർവ്വഹണം-ഐ.സി.ഡി.എസ് സൂപ്പർവൈസർ

അടങ്കൽ-2000000/-(വികസനഫണ്ട് ജനറൽ-1200000/-,

ബ്ലോക്ക് വിഹിതം-600000/-, ജില്ലാ പഞ്ചായത്ത് വിഹിതം-200000/-)

ചെലവ്-1563850/-

ഏറാമല ഗ്രാമപഞ്ചായത്തിൽ ഭിന്നശേഷി സ്കോളർഷിപ്പ് ഇനത്തിൽ 15,63,850/-രൂപ ചെലവഴിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്തിൽ 94 ഗുണഭോക്താക്കളിൽ 2 പേർക്ക് അർഹമായ തുക ലഭിച്ചിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | ഗുണഭോക്താവിന്റെ പേര് | അർഹമായ തുക | നൽകിയ തുക |
|---|---|---|---|
| 1 | കുമാരി.സൈറ D/o സുലൈമാൻ | 27500 | 0 |
| 2 | കുമാരി സൗദ കെകെ | 27500 | 2000 |

ഇത്തരത്തിൽ പ്രഥമ പരിഗണന നൽകേണ്ട ഗുണഭോക്താക്കൾക്ക് അർഹമായ തുക ലഭിക്കാത്തതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-16 ജീവനക്കാരുടെ പ്രോവിഡണ്ട് ഫണ്ട് വിഹിതം - ചട്ടം പ്രകാരം ട്രഷറിയിൽ അടവ് വരുത്തുന്നില്ല.

1976 ലെ കേരള പഞ്ചായത്ത് എംപ്ലോയീസ് പ്രോവിഡണ്ട് ഫണ്ട് ചട്ടങ്ങളിലെ ചട്ടം 13(3) പ്രകാരം ഓരോ മാസത്തെയും ശമ്പളത്തിൽ നിന്നും ഈടാക്കുന്ന പ്രോവിഡണ്ട് ഫണ്ട് വിഹിതം അതാത് മാസം 5ാം തിയ്യതിക്കു മുമ്പായി ട്രഷറിയിൽ അടക്കേണ്ടതാണ്. എന്നാൽ പഞ്ചായത്തിലെ ജീവനക്കാരിൽ നിന്നും ഈടാക്കുന്ന ജനറൽ പ്രോവിഡണ്ട് ഫണ്ട്, കേരള പഞ്ചായത്ത് എംപ്ലോയീസ് പ്രോവിഡണ്ട് ഫണ്ട് എന്നിവ യഥാസമയം ട്രഷറിയിൽ അടവാക്കുന്നില്ല. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ശമ്പള മാസം | ജനറൽ പ്രോവിഡണ്ട് ഫണ്ട് തുക | വൗച്ചർ നമ്പർ/ തിയ്യതി | കേരള പഞ്ചായത്ത് എംപ്ലോയീസ് പ്രോവിഡണ്ട് ഫണ്ട് തുക | വൗച്ചർ നമ്പർ/ തിയ്യതി |
|---|---|---|---|---|
| 3/22 | 10000/- | 22200035/ | 79000/- | 22200034/ |

| | | | | |
|---|---|---|---|---|
| | | 16.4.2022 | | 16.4.2022 |
| 4/22 | 10000/- | 22200127/21.5.2022 | 84500 | 22200126/21.5.2022 |
| 5/22 | 16000/- | 22200170/6.6.2022 | 82500 | 22200169/6.6.2022 |
| 6/22 | 16000/- | 22200319/12.7.2022 | 83500/- | 22200320/12.7.2022 |
| 7/22 | 16000/- | 22200391/18.8.2022 | 83500/- | 22200385/18.8.2022 |
| 8/22 | 16000/- | 22200457/12.9.2022 | 83500/- | 22200456/12.9.2022 |
| 9/22 | 16000/- | 22200582/11.10.2022 | 98050/- | 22200581/11.10.2022 |
| 10/22 | 16000/- | 22200695/11.11.2022 | 98050/- | 22200693/11.11.2022 |
| 11/22 | 5000/- | 22200770/6.12.2022 | 104050/- | 22200769/6.12.2022 |
| 12/22 | 5000/- | 22200840/7.1.2023 | 101550/- | 22200841/7.1.2023 |
| 1/23 | 5000/- | 22200931/7.2.2023 | 99050/- | 22200930/7.2.2023 |
| 2/23 | 5000/- | 22201016/8.3.2023 | 101550/- | 22201015/8.3.2023 |
| ആകെ | 136000/- | | 1098800 | |

മേൽ ചട്ടം പ്രകാരം ഓരോ മാസത്തേയും ശമ്പളം തൊട്ടടുത്ത മാസം 5ാം തിയ്യതിക്ക മുമ്പായി ട്രഷറിയിൽ അടക്കാതിരുന്നാൽ ജീവനക്കാർക്ക് പ്രോവിഡണ്ട് ഫണ്ട് പലിശയിനത്തിൽ ആ മാസം ലഭിക്കേണ്ട തുക തുടർന്ന വരുന്ന മാസം മാത്രമാണ് അവരുടെ അക്കൗണ്ടിൽ ക്രഡിറ്റാകുന്നത്. മേൽ വൗച്ചറുകൾ പ്രകാരം പ്രോവിഡണ്ട് വിഹിതം ട്രഷറിയിൽ അടച്ചത് എല്ലാ മാസവും 5ാം തിയ്യതിക്ക ശേഷമാണ്. തുക ചട്ടം പ്രകാരം ട്രഷറിയിൽ അടക്കാതിരുന്നതിന് വിശദീകരണം ആവശ്യപ്പെട്ട് 31.7.2023 ന് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 3 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. പ്രോവിഡണ്ട് ഫണ്ട് വിഹിതം സമയപരിധിക്കകം ട്രഷറിയിൽ അടവാക്കി വിവരം അറിയിക്കേണ്ടതാണ്.

1-17 ഹോമിയോ ഡിസ്പൻസറി - മരുന്നുകൾ ലഭ്യമായില്ല

| | |
|---|---|
| പ്രോജക്ട് നമ്പർ/ പേര് | 17/23 (ഹോമിയോ ഡിസ്പൻസറി - മരുന്ന വാങ്ങൽ) |
| പദ്ധതി അടങ്കൽ | 2 ലക്ഷം രൂപ (മെയിന്റനൻസ് ഗ്രാന്റ്- നോൺ റോഡ്) |
| ചെലവ് | 2 ലക്ഷം രൂപ |
| ബിൽ നമ്പർ/ തിയ്യതി | 36/20.07.2022 |

മേൽ ബിൽ പ്രകാരം 2 ലക്ഷം രൂപ ഹോമിയോ ഡിസ്പൻസറിയിലേക്ക് മരുന്ന വാങ്ങുന്നതിന് ഹോംകോയ്ക്ക് നൽകിയിട്ടുണ്ട്. ഹോംകോയുമായി ഉണ്ടാക്കിയ കരാർ പ്രകാരം തുക ലഭിച്ച് 9 മാസത്തിനകം മരുന്ന് സപ്ലൈ ചെയ്യേണ്ടതാണ്. എന്നാൽ 11 മാസങ്ങൾക്ക ശേഷം 2.6.2023 ന് 52170/- രൂപക്കുള്ള മരുന്നുകൾ മാത്രമാണ് ടി സ്ഥാപനം ലഭ്യമാക്കിയത്. ബാക്കി മരുന്നുകൾ കൂടി ലഭ്യമാക്കുന്നതിന് നിർവ്വഹണ ഉദ്യോഗസ്ഥൻ സ്ഥാപനത്തിനോട് ആവശ്യപ്പെടുന്നുണ്ടെങ്കിലും ഓഡിറ്റ് തിയ്യതി വരെ ഡിസ്പൻസറിയിൽ ലഭിച്ചിട്ടില്ല. മരുന്നുകൾ ലഭ്യമാക്കി അറിയിക്കേണ്ടതാണ്. ചെലവ് തുക തടസ്സത്തിൽ വെക്കുന്നു.

1-18 തെരുവ് വിളക്ക് സ്ഥാപിക്കൽ - പ്രോജക്ട് നിർവ്വഹണം അപാകതകൾ

ഗ്രാമപഞ്ചായത്ത് താഴെ കൊടുത്തിരിക്കുന്ന പ്രകാരം ടോട്ടൽ എനർജി സൊല്യൂഷൻസ് ഇരിങ്ങൽ എന്ന സ്ഥാപനത്തിൽ നിന്നും എൽ. ഇ. ഡി ലൈറ്റുകൾ സ്ഥാപിക്കുന്നതിനായി പ്രോജക്ട് പ്രകാരം ചുവടെ ചേർക്കും പ്രകാരം തുക ചെലവഴിച്ചിട്ടുണ്ട്.

| | |
|---|---|
| പ്രോജക്ടിന്റെ പേര്/നമ്പർ | 30/22-23 തെരുവുവിളക്ക് സ്ഥാപിക്കൽ (SO) |
| വകയിരുത്തിയ തുക | 250000(തനത് ഫണ്ട്) |
| ചെലവു തുക | 243824 |
| ബിൽസാങ്ഷൻ നമ്പർ | 01/21-04-22-113162,<br>35/15-7-22-130662, |

2,43,824/- രൂപ (ബൾബ് വില-1652, ലേബർ ചാർജ്ജ്-140/-) ചെലവഴിച്ച് ടോട്ടൽ എനർജി സൊല്യൂഷൻ-ഇരിങ്ങൽ എന്ന സ്ഥാപനത്തിൽ നിന്നും 18 W എൽ. ഇ. ഡി സ്ട്രീറ്റ് ലൈറ്റുകൾ വാങ്ങി ഗ്രാമ പഞ്ചായത്തിന്റെ 19 വാർഡുകളിലെ കെ.എസ്.ഇ.ബി -യുടെ പോസ്റ്റുകളിൽ സ്ഥാപിച്ചിട്ടുണ്ട്.
(125 ലൈറ്റ് ലേബർ ചാർജ്ജ് ഉൾപ്പെടെ 1,792/-രൂപ നിരക്കിലും 12 എണ്ണം 1,652/- നിരക്കിലും വാങ്ങി)

| ക്രമ നമ്പർ | സ്ട്രീറ്റ് ലൈറ്റ് ഇനം | എണ്ണം | വില |
|---|---|---|---|
| 1 | Supply,Conveyance,installation And Commissioning Of 137 LED STREET LIGHTS-DP Switch (AUTOMATIC OPERATION) | 137 (125x1792+ 12x1652) | 243824 |

പ്രോജക്ട് നിർവ്വഹണത്തിൽ താഴെ കൊടുത്തിരിക്കുന്ന അപാകതകൾ കാണുന്നു.

1.പദ്ധതി ആസൂത്രണത്തിനു മുമ്പ് ഗ്രാമപഞ്ചായത്തിൽ നിലവിലുള്ള പ്രവർത്തനരഹിതമായ തെരുവ് വിളക്കുകകളുടെ കണക്കെടുപ്പ് നടത്തിയതായി കാണുന്നില്ല

2. മുൻവർഷങ്ങളിൽ സ്ഥാപിച്ച ഏതെല്ലാം ലൈറ്റുകളാണ് മാറ്റി സ്ഥാപിച്ചതെന്നോ അത്തരം ലൈറ്റുകളുടെ വാറണ്ടി കാലാവധി സംബന്ധിച്ചോ വിവരം ലഭ്യമല്ല.

3. കരാറുകാരൻ കെ. എസ്. ഇ. ബി യിലെ ബന്ധപ്പെട്ട ഇലക്ട്രിക്കൽ സെക്ഷനിലെ അസി. എഞ്ചിനീയറുടെ അംഗീകാരത്തോടെയും, കെ. എസ്.ഇ. ബി. ജീവനക്കാരുടെ മേൽനോട്ടത്തിലും പ്രവൃത്തി നിർവ്വഹിക്കേണ്ടതാണ്. എന്നാൽ ഇപ്രകാരം പ്രവൃത്തി നിർവ്വഹിച്ചതിന് കെ.എസ്.ഇ.ബി യിൽ നിന്നുള്ള അനുമതിപത്രം ലഭ്യമാക്കിയിട്ടില്ല.

4. ആകെ 1594 എൽ.ഇ.ഡി ലൈറ്റുകൾ ഗ്രാമപഞ്ചായത്തിൽ നിലവിലുള്ളതായി ജി.ഐ.എസ് മാപ്പിംഗിലൂടെ തയ്യാറാക്കിയ സ്ട്രീറ്റൈറ്റലറ്റ് പരിശോധനാ റിപ്പോർട്ടിൽ രേഖപ്പെടുത്തിയിട്ടുണ്ട്. റിപ്പോർട്ട് പ്രകാരം 1169 സ്ട്രീറ്റ്ൈലെറ്റുകളാണ് പ്രവർത്തന ക്ഷമമായത്. പ്രവർത്തനക്ഷമമല്ലാത്തവ റിപ്പയർ ചെയ്യുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

5. ഏതെല്ലാം വാർഡുകളിലാണ് സ്ട്രീറ്റ്ലൈറ്റ് സ്ഥാപിച്ചതെന്ന സാക്ഷ്യപത്രം വാർഡ് മെമ്പർമാരെക്കൊണ്ട് സാക്ഷ്യപ്പെടുത്തി ഹാജരാക്കിയിട്ടില്ല.

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-19 ആവശ്യമായ ലീവ് ക്രഡിറ്റിലില്ലാതെ ആർജ്ജിതാവധി അനുവദിച്ചു

ജീവനക്കാരന്റെ പേര് : ഗ്ലാസ്റ്റിൻ ജേക്കബ്

തസ്തിക : ഡ്രൈവർ

പഞ്ചായത്ത് ഓഫീസിലെ ഡ്രൈവറായ ശ്രീ. ഗ്ലാസ്റ്റിൻ ജേക്കബിന് 21.7.2022 മുതൽ 12.5.2023 വരെയുള്ള വിവിധ ദിവസങ്ങളിലായി ആകെ 74 ആർജ്ജിതാവധികൾ അനുവദിച്ചിട്ടുണ്ട്. എന്നാൽ ഇവയൊന്നും യഥാസമയം ആർജ്ജിതാവധി അക്കൗണ്ടിൽ നിന്നും കുറവു വരുത്താത്തതിനാൽ 16.12.2022 മുതൽ 10.1.2023 വരെയുള്ള 26 ദിവസവും 5.5.2023 മുതൽ 12.5.2023 വരെയുള്ള 8 ദിവസവും ആർജ്ജിതാവധിയിൽ പ്രവേശിച്ചപ്പോൾ ക്രഡിറ്റിലില്ലാത്ത 6 ലീവുകൾ അനർഹമായി അനുവദിച്ചിട്ടുണ്ട്. ഇതു സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ടുകൊണ്ട് 2.8.2023 ന് നൽകിയ എൻക്വയറി നമ്പർ 9 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ ടി ദിവസങ്ങൾ ശമ്പളരഹിത അവധിയായി കണക്കാക്കി അധികം കൈപ്പറ്റിയ 6 ദിവസത്തെ ശമ്പളം താഴെ പറയും പ്രകാരം ഈടാക്കി തനതു ഫണ്ടിൽ വരവു വരുത്തേണ്ടതാണ്.

5/23 ലെ അടിസ്ഥാന ശമ്പളം : 36500/-

6 ദിവസത്തേക്കുള്ള ശമ്പളം : 36500x6/31 = 7065/-

7% ക്ഷാമ ബത്ത : 495/-

4% HRA : 283/-

ആകെ ഈടാക്കേണ്ട ശമ്പളവും അലവൻസുകളും: 7,843/-

അധികം നൽകിയ 7,843/- രൂപ തിരികെ ഈടാക്കി അറിയിക്കേണ്ടതാണ്.

## 1-20 ലീവ് അക്കൗണ്ടിലെ അപാകതകൾ

പഞ്ചായത്തിലെ താഴെ പറയുന്ന ജീവനക്കാരുടെ ആർജ്ജിതാവധി അക്കൗണ്ടിൽ നിന്നും മറ്റു ലീവുകൾ കുറവു വരുത്താത്തതിനാൽ ലീവ് അക്കൗണ്ടിൽ വ്യത്യാസം കാണുന്നു.

| പേര് | തസ്തിക | പരാമർശം |
|---|---|---|
| ഗണേഷ് ഒ.പി. | ഓഫീസ് അറ്റൻഡന്റ് | 29.9.2016 മുതൽ 4.10.2016 വരെയുള്ള 6 ദിവസം വരെയും 23.1.2020 മുതൽ 6.2.2020 വരെയുള്ള 15 ദിവസം വരെയുമുള്ള കമ്മ്യൂട്ടഡ് ലീവുകൾ (ആകെ 21 ദിവസം) ആർജ്ജിതാവധി അക്കൗണ്ടിൽ നിന്നും കുറവു വരുത്തിയിട്ടില്ല. |
| വിനോദൻ കെ.പി. | സീനിയർ ക്ലർക്ക് | 16.12.2002 മുതൽ 26.12.2003 വരെയുള്ള ആർജ്ജിതാവധി കണക്കാക്കിയപ്പോൾ മുൻബാക്കി 32/11 എന്നതിനു പകരം 102/11 എന്നാണ് രേഖപ്പെടുത്തിയത്. |
| വിനോദ് എം.ടി. | ഹെഡ് ക്ലർക്ക് | 4.6.2012 മുതൽ 3.7.2012 വരെയുള്ള 30 ദിവസങ്ങളിലെ കമ്മ്യൂട്ടഡ് ലീവ് ആർജ്ജിതാവധി അക്കൗണ്ടിൽ നിന്നും കുറവു വരുത്തിയിട്ടില്ല. 25.10.2016 മുതൽ 17.12.2016 വരെയുള്ള വിവിധ |

| | | | |
|---|---|---|---|
| | | | ദിവസങ്ങളിലെ 8 കമ്മ്യൂട്ടഡ് ലീവുകൾ കുറവു ചെയ്യേണ്ടതിനു പകരം 16 എണ്ണം ആർജ്ജിതാവധി അക്കൗണ്ടിൽ നിന്നും കുറവു ചെയ്തു. (സേ.പു. പേജ് 114) |

ആർജ്ജിതാവധി അക്കൗണ്ടുകളിലെ മേൽ പരാമർശിച്ച അപാകതകൾ പരിഹരിച്ച് ലീവ് അക്കൗണ്ട് ക്രമീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

## 1-21 മരാമത്ത് പ്രവൃത്തികളുടെ കരാർ വ്യവസ്ഥകൾ കാലഹരണപ്പെട്ടത്-മുൻ റിപ്പോർട്ടിൽ പരാമർശിച്ചിട്ടും പരിഹരിച്ചില്ല

മരാമത്ത് പ്രവൃത്തികളുടെ കരാർ വയ്ക്കുന്നത് നിലവിലെ സാഹചര്യത്തിന് അനുസൃതമായ വ്യവസ്ഥകൾ ഉൾക്കൊള്ളിച്ചു കൊണ്ടല്ലെന്നും വളരെ പ്രധാനമായ മിക്ക വ്യവസ്ഥകളും കാലഹരണപ്പെട്ടതാണെന്നും 2018-19 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക 1-13 ആയി പരാമർശിച്ചിരുന്നു. കരാറിന്റെ അന്തസത്ത സമയമാണെന്നിരിക്കെ പ്രവൃത്തി പൂർത്തീകരണത്തിനുള്ള സമയക്രമം കരാറിൽ കൃത്യമായി പ്രതിപാദിക്കുന്നില്ലെന്നും പ്രവൃത്തികൾ നിർവ്വഹിക്കേണ്ട സ്പെസിഫിക്കേഷൻ, പൂർത്തീകരണ കാലതാമസത്തിനുള്ള പിഴ എന്നിവയുടെ കാര്യത്തിൽ കാലികമല്ലാത്ത വ്യവസ്ഥകൾ ഉൾപ്പെടുത്തി തയ്യാറാക്കിയെന്നും റിപ്പോർട്ടിൽ പരാമർശിച്ചിരുന്നു. 2014-15 വർഷം മുതൽക്കുതന്നെ CPWD സ്പെസിഫിക്കേഷൻ അടിസ്ഥാനമാക്കിയുള്ള ഡെൽഹി അനാലിസിസ് ഓഫ് റേറ്റ് (DAR) ഡെൽഹി ഷെഡ്യൂൾ ഓഫ് റേറ്റ് (DSR) തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ബാധകമാക്കിയിട്ടുണ്ടെന്നിരിക്കെ, കേരള ഡീറ്റയിൽഡ് സ്റ്റാന്റേർഡ് സ്പെസിഫിക്കേഷൻ പ്രകാരമുള്ള നിബന്ധനകൾ കരാറുകാരൻ വായിച്ച് മനസ്സിലാക്കിയിരിക്കണമെന്നാണ് കരാറിൽ വ്യവസ്ഥ ചെയ്യുന്നത്. പിഴ സംബന്ധിച്ച് 2012 ൽ പുതുക്കിയ PWD മാന്വലിലെ വ്യവസ്ഥകൾ ഉൾക്കൊള്ളിക്കുന്നതിന് പകരം അതിനുമുമ്പുള്ള മാന്വലിലെ വ്യവസ്ഥകളാണ് പ്രതിപാദിച്ചിരിക്കുന്നത്. റിപ്പോർട്ടിൽ ഇക്കാര്യങ്ങൾ വിശദമായി പ്രതിപാദിച്ചിട്ടും ഇവ നാളിതു വരെ പരിഹരിക്കപ്പെട്ടില്ലെന്ന് നിലവിലെ കരാറുകൾ സാക്ഷ്യപ്പെടുത്തുന്നു. ഈ റിപ്പോർട്ടിന് 3.09.21 ന് സ്ഥാപനം സമർപ്പിച്ച മറുപടിയിൽ കരാർ ഉടമ്പടികൾ കാലോചിതമായി പരിഷ്കരിക്കാൻ നടപടി സ്വീകരിച്ചു വരുന്നുണ്ടെന്നും മേലിൽ ഉടമ്പടി വയ്ക്കുമ്പോൾ പരാമർശിച്ച കാര്യങ്ങൾ ഉൾപ്പെടുത്തുന്നതാണെന്നും വ്യക്തമാക്കിയിട്ടുണ്ട്. പരാമർശിച്ച വിഷയങ്ങളിൽ ആവശ്യമായ നടപടികൾ സ്വീകരിച്ച് റിപ്പോർട്ടു ചെയ്യുന്നതിനു പകരം ഓഡിറ്റ് പരാമർശം ഒഴിവാക്കാനുള്ള മറുപടി മാത്രമാണ് ലഭ്യമാക്കുന്നത്. ഇത് സംവിധാനത്തെ മെച്ചപ്പെടുത്തില്ലെന്ന കാര്യം ശ്രദ്ധയിൽപെടുത്തുന്നു. കരാറിന്റെ കാര്യത്തിൽ അപാകത നിലവിലും തുടരുന്നതിന് കാരണം വ്യക്തമാക്കേണ്ടതാണ്. കൂടാതെ അടിയന്തിരമായി അപാകത പരിഹരിച്ച് റിപ്പോർട്ട് ചെയ്യേണ്ടതുമാണ്.

## 1-22 ടെയ്ക്ക് എ ബ്രേക്ക് -അവലോകനം

ഗ്രാമപഞ്ചായത്തിൽ ഒരു ടെയ്ക്ക് എ ബ്രേക്ക് സംവിധാനം നിർമ്മാണം പൂർത്തീകരിച്ചെങ്കിലും നാളിതുവരെ പ്രവർത്തനമാരംഭിച്ചിട്ടില്ല. 2019-20 വർഷത്തിൽ ഇതിനായുള്ള പ്രൊജക്ട് രൂപീകരിച്ചെങ്കിലും 2023-24 വർഷമാണ് നിർമ്മാണം പൂർത്തിയായത്. നിലവിൽ എല്ലാ പ്രവൃത്തികളും പൂർത്തിയായ കെട്ടിടം പ്രവർത്തിപ്പിക്കുന്നതിനും കൈയ്യൊഴിയുന്നതിനുമായി ഒരു മാസം മുമ്പ് ലേലം

നടത്തുകയും ഒരു സ്വകാര്യ വ്യക്തി ഇതിന്റെ നടത്തിപ്പ് തുകയായി പ്രതിമാസം 8,000/-രൂപയും ജി എസ് ടിയും പഞ്ചായത്തിന് നല്കാമെന്ന വ്യവസ്ഥയിൽ ഏറ്റെടുക്കുകയും ചെയ്തിട്ടുണ്ട്. കുടുംബശ്രീ യൂണിറ്റുകളെ ഇക്കാര്യത്തിനായി പരിഗണിക്കണമെന്ന സർക്കാർ നിർദ്ദേശം പാലിച്ചിട്ടില്ലെന്നത് പോരായ്മയാണ്.

വടകര- കുറ്റ്യാടി സംസ്ഥാന പാതയോരത്ത് ടൗണിന് കിഴക്ക ഭാഗത്ത് സ്ഥാപിച്ചിട്ടുള്ള സംവിധാനത്തിന്റെ ലൊക്കേഷൻ ഉചിതമാണെന്ന് കാണുന്നു. സ്ത്രീകൾക്ക് 2 ഉം പുരുഷന്മാർക്ക് ഒന്നും ഭിന്നശേഷിക്കാർക്ക് ഒന്നും വീതം ടോയ്ലറ്റ് സൗകര്യം ഒരുക്കിയിരിക്കുന്ന സംവിധാനത്തിന് ഒരു ടീ ഷോപ്പും ഫീഡിംഗ് ഏരിയയും വെയ്റ്റിംഗ് ഏരിയയും വാഷിംഗ് ഏരിയയും ഉൾപ്പെടെ 37.4 ചതുരശ്ര മീറ്റർ വിസ്തീർണ്ണമുണ്ട്.

ഒരു ഗ്രാമപഞ്ചായത്തിൽ ഇത്തരത്തിലുള്ള രണ്ട് സംവിധാനങ്ങൾ ഒരുക്കാനാണ് സർക്കാർ നിർദ്ദേശമെങ്കിലും ഒരെണ്ണം മാത്രമാണ് സ്ഥാപിച്ചത്. എന്നാൽ പഞ്ചായത്ത് പരിസരത്തും ടൗണിലും ഓരോ ടോയ്ലറ്റ് ബ്ലോക്കുകളുടെ നിർമ്മാണം പുരോഗമിക്കുന്നുണ്ടെന്ന് ഓഡിറ്റിൽ വ്യക്തമാക്കിയിട്ടുണ്ട്. അപാകതകൾ പരിഹരിച്ച് വിവരം അറിയിക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 ആവശ്യമായ ലീവ് ക്രഡിറ്റില്ലാതെ ആർജ്ജിതാവധി അനുവദിച്ചു

ജീവനക്കാരന്റെ പേര് : ഗ്ലാസ്റ്റിൻ ജേക്കബ്

തസ്തിക : ഡ്രൈവർ

പഞ്ചായത്ത് ഓഫീസിലെ ഡ്രൈവറായ ശ്രീ. ഗ്ലാസ്റ്റിൻ ജേക്കബിന് 21.7.2022 മുതൽ 12.5.2023 വരെയുള്ള വിവിധ ദിവസങ്ങളിലായി ആകെ 74 ആർജ്ജിതാവധികൾ അനുവദിച്ചിട്ടുണ്ട്. എന്നാൽ ഇവയൊന്നും യഥാസമയം ആർജ്ജിതാവധി അക്കൗണ്ടിൽ നിന്നും കുറവു വരുത്താത്തതിനാൽ 16.12.2022 മുതൽ 10.1.2023 വരെയുള്ള 26 ദിവസവും 5.5.2023 മുതൽ 12.5.2023 വരെയുള്ള 8 ദിവസവും ആർജ്ജിതാവധിയിൽ പ്രവേശിച്ചപ്പോൾ ക്രഡിറ്റിലില്ലാത്ത 6 ലീവുകൾ അനർഹമായി അനുവദിച്ചിട്ടുണ്ട്. ഇതു സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ടുകൊണ്ട് 2.8.2023 ന് നൽകിയ എൻക്വയറി നമ്പർ 9 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ ടി ദിവസങ്ങൾ ശമ്പളരഹിത അവധിയായി കണക്കാക്കി അധികം കൈപ്പറ്റിയ 6 ദിവസത്തെ ശമ്പളം താഴെ പറയും പ്രകാരം ഈടാക്കി തനതു ഫണ്ടിൽ വരവു വരുത്തേണ്ടതാണ്.

5/23 ലെ അടിസ്ഥാന ശമ്പളം : 36500/-

6 ദിവസത്തേക്കുള്ള ശമ്പളം : 36500x6/31 = 7065/-

7% ക്ഷാമ ബത്ത : 495/-

4% HRA : 283/-

ആകെ ഈടാക്കേണ്ട ശമ്പളവും
അലവൻസുകളും : 7843/-

അധികം നൽകിയ 7,843/- രൂപ തിരികെ ഈടാക്കി അറിയിക്കേണ്ടതാണ്.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2022-23 | 31-07-2023-01-08-2023 | ഇതേ നമ്പർ ഓഡിറ്റ് റിപ്പോർട്ടിനോടൊപ്പം പുറപ്പെട്ടുവിച്ച |

### 4-2 സംയുക്തപ്രോജക്കുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് |
|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 433000 | ലൈഫ് ഭവനപദ്ധതി പട്ടികജാതി ഭൂമിയുള്ള ഭവനരഹിതർ | 433000 |
| | 280000 | ലൈഫ്ഭവനപദ്ധതി ജനറൽ ഭൂമിയുള്ള ഭവനരഹിതർ | 280000 |
| | 335450 | ഭിന്നശേഷി സ്കോളർഷിപ്പ് | 335450 |
| | 505000 | കറവപശുകൾക്ക് കാലിത്തീറ്റ സബ്സിഡി | 505000 |
| | 868920 | ക്ഷീരകർഷകർക്ക് മിൽക്ക് ഇൻസന്റീവ് | 868920 |
| | 672456 | ടാക്ലിസ്റ്റാന്റ് ടോയ്ലറ്റ് നിർമ്മാണം | 672456 |
| ആകെ | | | 3094826 |

| | | | |
|---|---|---|---|
| | 200000 | ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി | 200000 |
| | 200000 | ഭിന്നശേഷി സ്കോളർഷിപ്പ് | 200000 |
| | 300000 | കറവപശുകൾക്ക് കാലിത്തീറ്റ സബ്സിഡി | 300000 |
| | 40000 | ലൈഫ് ഭവനപദ്ധതി പട്ടികജാതി ഭൂമിയുള്ള ഭവനരഹിതർ | 40000 |
| ആകെ | | | 740000 |

## 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവണ ഏജൻസി | പ്രവൃത്തി യുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽ കിയ തുക | ചെല വഴിച്ച തുക | ചെല വഴി ക്കാൻ ബാക്കി യുള്ള തുക |
|---|---|---|---|---|---|
| കേരള വാട്ടർ അതോറിറ്റി | ഓർക്കാട്ടേരി ടൗൺ കുടിവെള്ള പദ്ധതി | ചെക്ക് നം-622695/ 25.03.2023 | 2810000 | 2810000 | 0 |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-5 വായ്പ / വായ്പാതിരിച്ചടവ്

| വായ്പ യുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തിയ്യതി | തൻ വർ ഷം എടു ത്ത വായ്പ | വർഷാ രംഭ ത്തിൽ തിരിച്ച ടയ്ക്കാൻ ബാക്കി യു ണ്ടായി | തൻ വർഷം തിരിച്ചടച്ച തുക | വർഷാ വസാനം തിരിച്ചട യ്ക്കാൻ ബാക്കി യുള്ള തുക |
|---|---|---|---|---|---|

| | | | രുന്ന തുക | മുതൽ | പലിശ | |
|---|---|---|---|---|---|---|
| മത്സ്യ മാർക്കറ്റ് കം ഷോപ്പിംഗ് കോംപ്ലക്സ് | സ. ഉ - 2830/ 2014 ത.സ്വ.ഭ.വ 31/10/2014 | 0 | 3491308 | 1332792 | | 2158516 |
| ലൈഫ് ഭവന പദ്ധതി | സ.ഉ(എം.എസ്) 68/2018. ത.സ്വ.ഭ.വ തീയതി – 18/08/2018 | 0 | 9901922 | 1235195 | 0 | 8666727 |

## 4-6 സ്ഥിരനിക്ഷേപം

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിരനിക്ഷേപം | 39,20,121 |
| തൻവർഷം നിക്ഷേപിച്ച തുക | 2,47,868 |
| ആകെ | 41,67,989 |
| തൻവർഷം പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 41,67,989 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപത്തിന്റെ വിശദവിവരം

| നിക്ഷേപത്തിന്റെ വിവരം | തുക |
|---|---|

| | |
|---|---|
| 100181806120061<br>KDC BANK | 416479 |
| 100181806120062<br>KDC BANK | 3,97714 |
| 100181806120063<br>KDC BANK | 2743117 |
| 103010096843<br>Eramala Service<br>Co-op Bank | 610679 |
| ആകെ | 4167989 |

## 4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം വരവില്ല

## 4-8. സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

ഏറാമല ഗ്രാമപഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23 -വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്ന വയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2009-10 | 3-9 | ഏറാമല ഗ്രാമപഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23 – വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു. 2012-13 | 4.7.1 | ആസൂത്രണത്തിലെ പിഴവ് – കമ്മ്യൂണിറ്റി ഹാൾ നിർമ്മാണം നിലച്ചു | നിർമ്മാണം പൂർത്തിയാക്കിയത് സംബന്ധിച്ച റിപ്പോർട്ട് സമർപ്പിക്കാൻ ശുപാർശ |
| 2014-15 | 2-2 | 2016-17 | അനുബന്ധം 4 | തൊഴിൽ നികുതി അപാകതകൾ | പരാമർശം തുടരുന്നു. |

## 4-9 ചാർജ്ജ് സർചാർജ്ജ് നടപടികളുടെ വിവരം

ഇല്ല

## 4-10 ഓഡിറ്റ് പ്രത്യവലോകനം

### (എ). സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 8,00,09,387 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 4,77,13,158 |
| വരവിനത്തിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 0 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും | 7,843 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 5,81,966 |

### (ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | 7,843 | സജിവൻ.ഇ.ജി സെക്രട്ടറി |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| | | |
|---|---|---|
| 1.14 | 3,81,966 | സജിവൻ.ഇ.ജി സെക്രട്ടറി |
| 1-17 | 2,00,000/- | ഡോ.സജിന മെഡിക്കൽ ഓഫീസർ (ഹോമിയോ) |

### (സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

### (ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

### (ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും (ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|

| | | |
|---|---|---|
| സജിവൻ.ഇ.ജി | സെക്രട്ടറി | ഇരട്ടപ്പാറക്കൽ(വീട്) കൂരാച്ചുണ്ട് – പി.ഒ കോഴിക്കോട് – 673527 |
| ഡോ.സജിന | മെഡിക്കൽ ഓഫീസർ (ഹോമിയോ) | കോമട്ടിൽ – വീട് കനിങ്ങാട് – പി.ഒ പുറമേരി – 673503 |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിട പാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകൾ |
|---|---|---|---|
| 1999-2000 (പദ്ധതി) | കെ.എസ്.എ.കെ. കെ.ഡി.പി3/1408/ 2022(1) | 1 | 7 |
| 2000-01 | എൽ.എഫ്.കെ.കെ. ഡി.പി5/1347/ 2015തിയ്യതി-04.08.2015 | 5 | 7,1-18,1-19,1-20,1-21,5, 6(1,2),7(1),7(2) |
| 2001-02 (പദ്ധതി) | കെ.എസ്.എ.കെ. കെ.ഡി.പി3/1408/ 2022(3) | 2 | 7,9 |
| 2007-08 | കെ.എസ്.എ.കെ.കെ.ഡി.പി3/1408/ 2022(8)തിയ്യതി- 25.04.2023 | 2 | 3-6,3-22(1,2,3,4) |
| 2008-09 | കെ.എസ്.എ.കെ. കെ.ഡി.പി3/1408/ 2022(10) തിയ്യതി- 25.04.2023 | 2 | 3-9,3-15 |

| | | | |
|---|---|---|---|
| 2009-10 | കെ.എസ്.എ.കെ. കെ.ഡി.പി3/1408/ 2022(9) തിയ്യതി- 25.04.2023 | 4 | 3-4,3-9,3-14,3-15 |
| 2010-11, 2011-12 | കെ.എസ്.എ.കെ. കെ.ഡി.പി3/1408/ 2022(11) തിയ്യതി- 25.04.2023 | 6 | 3-1,3-5,3-6,3-21, 3-7,3-14 |
| 2012-13, 2013-14 | കെ.എസ്.എ.കെ. കെ.ഡി.പി3/1408/ 2022(12) തിയ്യതി- 25.04.2023 | 1 | 3-10 |
| 2014-15 | കെ.എസ്.എ.കെ. കെ.ഡി.പി3/1408/ 2022(13) തിയ്യതി- 25.04.2023 | 6 | 2-2,3-3,3-4(1,2,3),3-2 |
| 2015-16 | കെ.എസ്.എ.കെ. കെ.ഡി.പി3/1408/ 2022(14) തിയ്യതി- 25.04.2023 | 2 | 3-3(1,2) |
| 2016-17 | കെ.എസ്.എ.കെ. കെ.ഡി.പി3/1408/ 2022(15) തിയ്യതി- 25.04.2023 | 13 | 2-4(1,2,3),3-5, 3-7,3-16(1), 2-6,2-9,3-15, 3-6,3-13, 7, 1-18, 1-19, 1-20, 1-21, 2-3(3),3-8 |
| 2017-18 | കെ.എസ്.എ.കെ. കെ.ഡി.പി3/1408/ 2022(16) തിയ്യതി- 25.04.2023 | 8 | 1-12(2,5,6)3-2,3-7, 3-3,3-8(3),2-1 |
| 2018-19 | കെ.എസ്.എ.കെ. കെ.ഡി.പി3/1408/ 2022(17) തിയ്യതി-25.04.2023 | 11 | 1-14,1-15,1-16, 1-17, 1-26,1-27, 1-30,1-31, 1-10,1-11 |
| 2019-20 | കെ.എസ്.എ. കെ.കെ.ഡി.പി3/423/2023തിയ്യതി- 10.05.2023 | 37 | 1-1,1-2 (1), 1-4-1, 1-5, 1-6-1, 1-9,മുതൽ 1-40വരെ |
| 2020-21 | കെ.എസ്.എ. കെ.കെ.ഡി പി3/1967/ 2023തിയ്യതി- 29.05.2023 | 20 | 1-1,1-2(1),1-4-1, 1-5,1-6-1,1-9 മുതൽ 1-14 വരെ, 1-16,1-17, 1-18,1-19,1-20, 1-21,1-22,1-22, 1-24,1-25, 4-8,4-11 |
| 2021-22 | കെ.എസ്.എ.കെ. കെ.ഡി.പി3/797/2023തിയ്യതി- 30.05.2023 | 35 | 1-2-1,1-4-1, 1-9 മുതൽ 1-15 വരെ 1-17 മുതൽ 1 - 32 വരെ, 1-34 മുതൽ 1-44 വരെ |

മേൽ റിപ്പോർട്ടുകൾ തീർപ്പാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്

## Annexure 1

## Audit Certificate

i. I have audited the attached Financial statements approved vide resolution number 222 dated 24-06-2023 and submitted on 24-06-2023 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2023 and Balance sheet as on 31-03- 2023 , with supporting forms, of the Eramala Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result and Financial position of Eramala Grama Panchayat for the year 2022-2023

Date: 09/10/2023

Deputy Director
District Office Kozhikode
Kerala State Audit Department

## Audit Report appended to the Audit Certificate of Eramala Grama Panchayat for the Year 2022-2023 .

**1.Major Observations**

Mandatory financial statements -Basic ratios ,
prescribed in accounting rules are not submitted .

**2.Other Observations**

Cheques uncashed for more than 3 months were not
transferred to the stale cheque account .

Directly credited by bank -amount are not taken into
account on time.

Directly credited by bank Details are not

recorded.

cheque deposited but not credited

Stock Registers were not maintained .

Demand register of Building Permit is not duly attested with abstract.

Demand register of Rent does not match with Financial Atatements

Demand register of Prfession tax -institutions and traders does not match with Financial Atatements

Loan Register does not match with Accounts .

Amount used for asset creation using specific grant not transferred to capital contribution and treated as revenue income

Omissions in carrying forward the account details in respect of balance sheet.

Grant expenditure amount shown as expenditure in ACR does not match with Accounts.

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കോഴിക്കോട് ജില്ലയിലെ ഏറാമല ഗ്രാമപഞ്ചായത്തിന്റെ 2022-2023 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്